ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 62

No.: 5

May 2019



www.ernakulamarchdiocese.org

# മെയ് 1 - തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ



ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

# എറണാകുളം മിസ്സം

BULLETIN

## വിഷയസൂചിക

| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ലോക ദൈവവിളിദിന സന്ദേശം |
| 11. | ദൈവകരുണയുടെ ഞായർ |
| 14. | Transfers/Appointments |
| 15. | Document - Major Archbishop |
| 17. | നസ്രായന്റെ കൂടെ (5) |
| 21. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 27. | കച്ചേരിക്കാര്യം |
| 27. | വൈദികരുടെ വാർഷിക ധ്യാനം |
| 34. | അജപാലനസമിതി റിപ്പോർട്ട് (2) |
| 36. | വാർത്തകളും വിശേഷങ്ങളും |
| 38. | സുബോധന, അങ്കമാലി |
| 39. | നിവേദിത, ചുണങ്ങംവേലി |
| 39. | നിര്യാതരായി |
| 40. | A.I.C.O. |
| 42. | Department of Catechesis |
| 45. | Department of Family Apostolate |
| 47. | Department of Evangelization |
| 48. | Department of Bible Apostolate |
| 50. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 53. | Corporate Educational Agency |
| 54. | അതിരൂപതാ ഡയറി |

**Editor: Rev. Fr. Jose Pollayil**

Volume : **62**
Issue No. : **5**
Month : **May 2019**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 1-5-1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 1-5-1971 |
| Fr. Kodian George, Chendamangalam | 1905 | 1936 | 2-5-1980 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 3-5-1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 3-5-1971 |
| Fr. Thaliath Jose Paul, Ernakulam | 1932 | 1960 | 3-5-2018 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 6-5-2005 |
| Fr. Kanat Paulose TOCD, Konthuruthy | 1838 | 1861 | 6-5-1891 |
| Fr. Thaliath Thomas, Puthenpally | 1888 | 1918 | 7-5-1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 7-5-1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 9-5-1993 |
| *Msgr. Fr. Valliarumpeth Geroge, Vaikom* | *1889* | *1916* | *11-5-1970* |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12-5-1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14-5-1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15-5-1983 |
| *Msgr. Puduchery Varghese, Edad* | *1897* | *1928* | *16-5-1980* |
| Fr. Nettikadan Joseph, Meloor | 1933 | 1959 | 16-5-2001 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19-5-2015 |
| Fr. Manavalan Paul, Elavoor | 1952 | 1978 | 21-5-2002 |
| Fr. Pallipparambil James, Ullala | 1943 | 1971 | 21-5-2016 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22-5-1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22-5-2009 |
| Fr. Kuncharath Joseph, Keecheri | 1946 | 1973 | 22-5-2018 |
| Fr. Chiramel Anthony, Meloor | 1883 | 1913 | 23-5-1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24-5-1973 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25-5-2008 |
| Fr. Vattamkandathil Mathai, Thalayolaparambu | | | 27-5-1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27-5-1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27-5-1998 |
| Fr. Parappurath Gheevarghese TOCD, Amballoor | 1835 | 1859 | 28-5-1908 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29-5-1993 |
| Fr. Kariyatty Paul, Alangad | 1940 | 1967 | 29-5-2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31-5-1991 |

Ref: 3189/K-5/KCBC/OL/DS 06-04-2019

# ലോകദൈവവിളിദിന സന്ദേശം

***ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത***

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പത്തിനാലാം ലോകയുവജന ദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോകദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി - വാഗ്ദാനം, അപകടസാധ്യത - എന്നിവയെപ്പറ്റി ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം, അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരണത്തിൽ കാണാം (മർക്കോസ് 1:16-20).

രണ്ടു ഇരട്ട സഹോദരന്മാർ - ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും - തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി.

എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചുപോകേണ്ടിവന്നു.

ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ "കടൽ" സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ, വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. യേശു അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. "അന്നു കർമ്മങ്ങളുടെ മരവിപ്പിക്കൽ" തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷപ്രഭാഷണം, 2 ഫെ. 2018). അവിടന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: "ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും" (മർക്കോസ് 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന "പെട്ടി"യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടന്ന് നമ്മുടെ കൺമുമ്പിൽ കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നുകാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലികൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ - വിവിധ വഴികളിലൂടെ - വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നില്കാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ - നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുംവേണ്ടി - വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാർ "പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടത്തെ പിന്തുടർന്നു" (മർക്കോസ് 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധിപ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ "സമുദ്രം" കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ, കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി, ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാ

വരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല. പിന്നെയോ; ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് - പ്രത്യേകിച്ച്, ലിറ്റർജിയിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥനയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശനം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്നപോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥസാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണ

ത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും. സുവിശേഷത്തിനും സഹോദരീസഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണമായി അവിടത്തേക്കു സമർപ്പിക്കാനും അവിടത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച്, വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമില്ലെന്നു തോന്നിപ്പോകുക. "നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും" സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).

എന്നാലും, സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെത്തിക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വിളിക്കുനേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടന്നിൽ വിശ്വസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് - വൈദികർ, സന്ന്യസ്തർ, അജപാലപ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പണമുണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി,

പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. "സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതംമൂളലായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതംമൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മുന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

വത്തിക്കാനിൽ നിന്ന് 31 ജനുവരി 2019

വിശുദ്ധ ജോൺ ബോസ്കോയുടെ ഓർമദിനം

**ഫ്രാൻസിസ് മാർപാപ്പ**

Ref: 3190/K-5/KCBC/OL/DS 25.4.2019

# ദൈവകരുണയുടെ ഞായർ
## ശ്രീലങ്കൻ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കുന്നതു സംബന്ധിച്ച് കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിലുണ്ടായ ഭീകരാക്രമണങ്ങളിൽ മൂന്നൂറ്റമ്പതിലേറെ മനുഷ്യജീവനുകൾ പൊലിഞ്ഞു. അനേകംപേർ പരുക്കേറ്റ് ആശുപത്രികളിൽ കഴിയുന്നു. അമ്പതിലേറെ കുഞ്ഞുങ്ങളും മരിച്ചവരിൽ ഉൾപ്പെടുന്നു എന്നത് ആക്രമണത്തിന്റെ കിരാതമുഖം വ്യക്തമാക്കുന്നു. മരണസംഖ്യ ഇനിയും ഉയരുമെന്നാണ് റിപ്പോർട്ടുകൾ. ശ്രീലങ്കൻ സഭ വിറങ്ങലിച്ചു നില്ക്കുകയാണ്. മതതീവ്രവാദികളുടെ മനുഷ്യവിരുദ്ധത ചാവേറായി രൂപം ധരിച്ച ഈ ഹീനകൃത്യം മനഃസാക്ഷിയുള്ള ഏവരെയും ഞെട്ടിച്ചിരിക്കയാണ്.

മൂന്നു ക്രിസ്ത്യൻ പള്ളികൾ, ആഡംബര ഹോട്ടലുകൾ, പാർപ്പിട സമുച്ചയം എന്നിങ്ങനെ എട്ടിടങ്ങളിലാണ് സ്ഫോടനം നടന്നത്. ശ്രീലങ്ക സന്ദർശിക്കാൻ എത്തിയ വിനോദസഞ്ചാരികൾ ഉൾപ്പെടെ പ്രാർത്ഥനയ്ക്കായി കുടുംബസമേതം എത്തിയവരാണ് സ്ഫോടനത്തിന്റെ ഇരകളായവരിലേറെയും. മരിച്ചവരിൽ പത്തോളം ഇന്ത്യക്കാരും ഉൾപ്പെടുന്നു. കൊളംബോയിലെ കൊച്ചിക്കാടെയിലുള്ള സെന്റ് ആന്റണീസ് കത്തോലിക്കാപള്ളി, നെഗോംബോ സെന്റ് സെബാസ്റ്റ്യൻസ് കത്തോലിക്കാപള്ളി, ബട്ടിക്കലോവ സിയോൻ പ്രൊട്ടസ്റ്റന്റ് പള്ളി എന്നീ ദേവാലയങ്ങളിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്കിടെയായിരുന്നു സ്ഫോടനം നടന്നത്. പള്ളികൾ കൂടാതെ, ഈസ്റ്റർ ദിനത്തിൽ പ്രത്യേക പ്രഭാത വിരുന്നൊരുക്കി ആഘോഷങ്ങൾക്ക് തയ്യാറെടുത്തിരുന്ന ഹോട്ടലുകളും പാർപ്പിടസമുച്ചയവും ആക്രമണത്തിനു വേദികളായി. അന്താരാഷ്ട്ര ഭീകരസംഘടനയായ ഐഎസുമായി ബന്ധമുള്ള നാഷണൽ തൗഹീദ് ജമാത്ത് എന്ന മുസ്ലീം സംഘടനയാണ് ഭീകരാക്രമണത്തിനു പിന്നിലെന്നാണ് ശ്രീലങ്കൻ സർക്കാർ വ്യക്തമാക്കുന്നത്.

മരണത്തിന്മേലുള്ള ജീവന്റെ വിജയം ക്രിസ്ത്യാനികൾ ആഘോഷിക്കുന്ന ഉയിർപ്പുതിരുനാൾദിനം തന്നെ ഭീകരർ ആക്രമണത്തിനു തിരഞ്ഞെടുത്തു എന്നതും പ്രത്യേകം ശ്രദ്ധാർഹമാണ്. സ്നേഹത്തിന്റെയും

ക്ഷമയുടെയും പര്യായമായ യേശുക്രിസ്തുവിന്റെ ദിവ്യോപദേശങ്ങൾ ജീവിതപ്രമാണമാക്കുന്ന ക്രൈസ്തവർ ആത്മസംയമനം പാലിക്കുകയും പ്രത്യാശ കൈവിടാതെ ഈ ദുരന്തത്തെ നേരിടുകയും ചെയ്യേണ്ടതാണ്. എങ്കിലും ദൈവസന്നിധിയിൽ നമ്മുടെ കണ്ണീർക്കണങ്ങൾ തടഞ്ഞുനിറുത്താൻ നമുക്കാവില്ലല്ലോ. ദൈവകരുണയുടെ ഞായറായി സഭ ആചരിക്കുന്ന ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച നമുക്ക് ദൈവതിരുമുമ്പിൽ ഹൃദയം ചൊരിയാം. അന്ന് ശ്രീലങ്കൻ സഭയോടും ജനതയോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭ പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് കെ.സി.ബി.സി. ആഹ്വാനം ചെയ്യുന്നു. ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മശാന്തിക്കായും ആശുപത്രികളിൽ കഴിയുന്നവരുടെ സൗഖ്യത്തിനായും ശ്രീലങ്കൻ സഭയുടെയും ജനതയുടെയും മുറിവ് ഉണങ്ങുന്നതിനായും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ആശ്വസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവകരുണ അവരുടെമേൽ ദൈവം സമൃദ്ധമായി ചൊരിയട്ടെ!

ലോകമെമ്പാടുമുള്ള തീവ്രവാദികൾക്കു മാനസാന്തരമുണ്ടാകാനും നമുക്ക് പ്രാർത്ഥിക്കാം. മതത്തിന്റെയും വംശത്തിന്റെയും പേരിൽ കൊല്ലും കൊലയും ശീലമാക്കിയ കഠിനഹൃദയങ്ങൾ അലിയണം. അവയെ അത്തരത്തിൽ പാകപ്പെടുത്തുന്ന വിദ്വേഷത്തിന്റെ ആശയസംഹിതകൾ ഇല്ലാതായിത്തീരണം. “ശത്രുവിനെ സ്നേഹിക്കുക” എന്നു പഠിപ്പിക്കുകയും “പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോട് പൊറുക്കണമേ” എന്നു പ്രാർത്ഥിക്കുകയും ചെയ്ത ക്രിസ്തുവിനെ തള്ളിക്കളഞ്ഞ്, “കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല്” എന്ന യഹൂദരുടെ ആനുപാതിക നീതിക്കും മുമ്പുള്ള, മൃഗീയവും പൈശാചികവുമായ കിരാതത്വത്തിലേക്കുള്ള തിരിച്ചുപോക്കാണ് മതഭീകരത. ക്രിസ്തു സമ്മാനിച്ച സംസ്കാരസമ്പന്നതയിൽ നിന്ന് മനുഷ്യകുലത്തെയും ചരിത്രത്തെയും അനേകം കാതം പിന്നോട്ടടിക്കുന്ന വെറുപ്പിന്റെയും അക്രമത്തിന്റെയും സംസ്കാരശൂന്യതയ്ക്ക് അറുതിവരുക തന്നെ വേണം.

ക്രിസ്തു കുരിശിൽ മരിച്ചപ്പോൾ സൂര്യൻ ഇരുണ്ടു പോയി എന്ന പ്രതീകാത്മക ചിത്രീകരണം ബൈബിളിലുണ്ട്. തിന്മയുടെ ആധിക്യമാണ് ഇതു സൂചിപ്പിക്കുന്നത്. തിന്മയുടെമേലുള്ള നന്മയുടെ വിജയമാണ് ഈസ്റ്റർ. ഈസ്റ്റർ ദിനത്തിൽതന്നെ മനുഷ്യനിലെ തിന്മ മറനീക്കി പുറത്തുവരുന്നതാണ് ശ്രീലങ്കയിൽ നമ്മൾ കണ്ടത്. തിന്മ വർദ്ധിച്ചിടത്ത് നന്മ അതിലേറെ വർദ്ധിക്കുന്നു എന്നാണല്ലോ ബൈബിൾ പഠിപ്പിക്കുന്നത്. നന്മയുടെ വർദ്ധനവും ധർമത്തിന്റെ

സംസ്ഥാപനവും ദൈവം സാദ്ധ്യമാക്കുന്നത് നല്ലവരായ മനുഷ്യരുടെ ഇടപെടലുകളിലൂടെയാണ്. ഭീകരവാദത്തിന്റെ പ്രത്യയശാസ്ത്രക്കാർക്ക് അടിയറവു പറയാൻ തയ്യാറല്ലെന്ന പ്രഖ്യാപനത്തോടെ സന്മനസ്സുള്ള സകലരും കൈകോർത്തുപിടിക്കേണ്ട സമയമാണിത്. ലോകത്തിന്റെ വിവിധയിടങ്ങളിൽ ക്രൈസ്തവസമൂഹത്തിനുനേരേ വർദ്ധിച്ചുവരുന്ന ആക്രമണങ്ങളിൽ അന്താരാഷ്ട്ര സമൂഹത്തിന്റെ സത്വരശ്രദ്ധയും അടിയന്തര ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. "വെളിച്ചത്തെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല" എന്ന ബൈബിൾ വചനം ലോകമനഃസാക്ഷിയുടെ സൂര്യൻ ഇരുണ്ടുപോകുന്ന ഭീകര വീക്ഷണങ്ങളുടെ പശ്ചാത്തലത്തിലും വലിയ പ്രത്യാശയുടെ പ്രകാശധാരയായി വർത്തിക്കുന്നു.

ശ്രീലങ്കയിൽ കൊല്ലപ്പെട്ട നിഷ്കളങ്കരായ മനുഷ്യരോടും ദുരിതമനുഭവിക്കുന്ന സഹജീവികളോടും നമുക്ക് ആത്മീയമായും മാനസികമായും ഐക്യപ്പെട്ടിരിക്കാം. നീതിയുടെ നിലവിളികൾ ഉയരുന്ന നിരപരാധികളുടെ ശവക്കൂനകൾ പുതിയ മാനവികതയുടെയും സാഹോദര്യ-സഹവർത്തിത്വങ്ങളിൽ അധിഷ്ഠിതമായ പുതിയ മതാത്മകതയുടെയും വളക്കൂറുള്ള മണ്ണായി ഭവിക്കട്ടെ. ദൈവത്തിന്റെ കൃപ കൂടാതെ ആർക്കും നന്മ-തിന്മകളെ വിവേചിച്ചറിയാനോ ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ നന്മയിൽ സ്ഥായിയായി ഉറച്ചു നില്ക്കാനോ സാധിക്കുകയില്ല. തിന്മയുടെയും പൈശാചികതയുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് തീവ്രവാദികളുടെ മനസ്സുകൾക്ക് മോചനം ലഭിക്കാൻ ദൈവം അവരുടെമേൽ നിസ്സീമമാംവിധം കരുണ ചൊരിയട്ടെ!

ആഗോള കത്തോലിക്കാസഭ ദൈവകരുണയുടെ ഞായറാഴ്ചയായി ആചരിക്കുന്ന ഏപ്രിൽ 28-ാം തീയതി കേരളത്തിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും മതതീവ്രവാദികളുടെ മാനസാന്തരത്തിനും കൊല്ലപ്പെട്ടവരുടെ ആത്മശാന്തിക്കും മുറിവേറ്റവരുടെ സൗഖ്യത്തിനും ഹൃദയം തകർന്നവരുടെ ആശ്വാസത്തിനുംവേണ്ടി പ്രാർത്ഥിക്കണം. അന്നേദിവസം ലോകസമാധാനത്തിനായി ദിവ്യബലിയർപ്പിക്കുകയും സമാധാന സമ്മേളനങ്ങളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുകയും ചെയ്യാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി ഏവരെയും ആഹ്വാനംചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

............................................

NB: 2019 ഏപ്രിൽ 28-ാം തീയതി വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുവാനോ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുവാനോ ആയി നൽകിയ സർക്കുലർ.

---

# Transfers/Appointments

## April 2019

**Rev. Fathers**

1. Aymanachira Martin (Milton) O.Praem — Relieved - Ezhupunna
2. Kallookaran George CMI — Ezhupunna Asst.
3. Manippadam Cyriac SDB — Relieved - Chempu Asst.
4. Moonjely Augustine (Anu) — D.C.M.S. Dir.
5. Pallipatt Joseph (Jinu) — C.L.C. Asst. Dir.
6. Parecattil Joseph — Relieved - D.C.M.S. Dir.
7. Pereppadan Thomas — Relieved- Spiritual Director - St. Vincent De Paul Society + Co-ordinator - Sacristans

**Chancellor**

Prot. No. 0477/2019 28 February 2019

Your Grace/Excellency,

As per the decision of the XXVII Synod (2019), Session I, held from 07 – 18 January 2019, I would like to give the following pastoral direction which is to be published in the Archeparchial/ eparchial bulletins.

With the erection of the Eparchies of Shamshabad and Hosur, the Syro-Malabar Church has got the right for Evangelization and the Pastoral care all over India. Now, when the Syro-Malabar faithful approach the Parish priests of their home parishes for their pastoral needs, the following instructions are to be observed.

In the letter of Pope Francis to all the Bishops of India (09/10/ 2017) it is stated that "a member of the Syro-Malabar faithful, by virtue of the same law, is also a member of the Syro-Malabar parish where he or she is domiciled (*CCEO,* Can. 280 §1). And hence the Syro-Malabar Parish priest is the proper parish priest of all the Syro-Malabar faithful even if he/she practices in the Latin Parish.

Hence the Syro-Malabar parish priests need to get mandate/letters from respective Syro-Malabar eparchies for the licit and valid celebration of sacraments.

a. For the celebration of the sacraments of baptism and confirmation, it is mandatory to have permission letter from the Syro-Malabar parish priests (cfr. CCEO can. 677 §1, 678 and 683).

b. For marriage, if it concerns of two Syro-Malabar faithful, the delegation should be from the Syro-Malabar parish priest for its validity (*ad validitatem).* It is the same in the

case of mixed or disparity of cult marriages. If only one party is Oriental, the delegation from the Syro-Malabar Parish priest is mandatory for its liceity.

c. However, documentation based upon the register (e.g. ''free state certificate") will be accepted from either the Syro-Malabar Pastor or the Latin Pastor of the place of baptism. If other attestations are needed (e.g. that the person is currently practicing), these should be given by the Pastor of the parish frequented by the individual.

A helping approach shall be more encouraging for the faithful to observe their rite in the land of migration. In case of doubts, the Eparchial curia is to be approached before proceeding.



George Cardinal Alencherry
Major Archbishop of the Syro-Malabar Church

---

# ആദരാഞ്ജലികൾ



2019 ഏപ്രിൽ 16-ന് നിര്യാതനായ സാത്ന രൂപതയുടെ പ്രഥമ മെത്രാൻ **മാർ ഏബ്രഹാം ഡി. മറ്റം** പിതാവിന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ !!!



*നസ്രായന്റെ കൂടെ - 5*

# കരുവാളിച്ച ജീവിതങ്ങളെ പുതുസൃഷ്ടിയാക്കുമ്പോൾ...

19 വയസുള്ള ശരണ്യ, ക്രൂശിതരൂപം കാണുമ്പോഴേ വലിയ വായിലേ കരയും. ജീവിതത്തിന്റെ വലിയൊരു ദുഃഖം ഒരിക്കലും മാറ്റപ്പെടാനാവാതെ അവളെ ഗ്രസിച്ചിട്ടുണ്ട്. ഈ ചെറുപ്രായത്തിനിടയിൽ അവൾ പോകാത്ത ധ്യാനകേന്ദ്രങ്ങളില്ല. കാണാത്ത വൈദ്യന്മാരില്ല. സംസാരിക്കാത്ത വിദഗ്ദ്ധന്മാരില്ല. ആകുലപ്പെടരുതെന്ന് പള്ളിയിൽ മാറി മാറി വന്ന വികാരിയച്ചന്മാർ പറഞ്ഞിട്ടും, അവളെ പൊന്നുപോലെ വാത്സല്യപ്പെടുന്ന മഠത്തിലെ സിസ്റ്റേഴ്സ് പറഞ്ഞിട്ടും അവൾക്ക് സമാശ്വാസമായിട്ടില്ല. ആരാണ് അവളെ ആശ്വസിപ്പിക്കുക. പലപ്പോഴും അവൾ വിധിയെ പഴിച്ചു. തനിക്ക് ഈ ദുഃഖം ഒന്നും അറിയാതെ കൈമാറിയ അമ്മയെ പഴിച്ചു. ഈ ജന്മത്തെതന്നെ അവൾ വെറുത്തു. എത്രയും പെട്ടെന്ന് മരിച്ചുപോയെങ്കിലെന്ന് അവൾ മോഹിച്ചു. അതിനായി പ്രാർത്ഥിച്ചു. ശവസംസ്കാരങ്ങളിൽ പങ്കെടുക്കുമ്പോൾ മരിച്ചുകിടക്കുന്നവരോട് ശരണ്യയ്ക്ക് അസൂയതോന്നി. അവർക്കു പകരം ഞാനായിരുന്നു ആ ശവമഞ്ചത്തിലെന്ന് അവൾ കാംക്ഷിച്ച് ആ രംഗം പലപ്പോഴും സ്വപ്നം കണ്ടു.

നാല് മക്കളുള്ള ആൻസിയുടെയും ബിജുവിന്റെയും മൂത്തമകളായിരുന്നു ശരണ്യ. സുന്ദരിയായ കൊച്ച്. വാതോരാതെയുള്ള "കനമുള്ള" സംസാരം. ഈ കൊച്ചിനെ ആരും കണ്ണവയ്ക്കരുതെന്ന് ബിജുവിന്റെ അമ്മ നിരന്തരം പറയുമായിരുന്നു. കാരണം, ആരും കൊതിച്ചുപോകും തങ്ങളുടെ മക്കൾക്ക് ശരണ്യയുടേതുപോലെയുള്ള സംസാരശൈലി കിട്ടാൻ. അവൾ തിളങ്ങി. കുടുംബയൂണിറ്റിൽ, പള്ളിയിലെ ആഘോഷങ്ങളിൽ. ബാക്കി മൂന്നു പിള്ളേരും ആരാലും ശ്രദ്ധിക്കപ്പെട്ടില്ല. വികാരിയച്ചന്മാർ അവളുടെ കുടുംബസുഹൃത്തായിരുന്നു. വല്ലപ്പോഴും അച്ചൻ ആൻസിയുടെയും ബിജുവിന്റെയും വീട്ടിൽവന്നിരുന്നു. അവരെ കാണുവാനല്ല; ശരണ്യയെ "തോണ്ടു"വാനായിട്ടായിരുന്നു. "തോണ്ടി" കഴിയുമ്പോൾ ശരണ്യയുടെ വായിൽനിന്ന് വരുന്നതുകേട്ട്

അച്ചൻ മാത്രമല്ല, കുടുംബം മുഴുവൻ പൊട്ടിച്ചിരിക്കും. ബിജുവിന്റെ അമ്മച്ചി മാത്രമാണ് ശുണ്ഠിപിടിപ്പിച്ചിരുന്നത്. അമ്മച്ചി എന്നുംപറയും "കൊച്ചിന്റെ വലിയവർത്തമാനം, എന്തോ വരുവാൻ വഴിയിൽ തങ്ങി നിൽപ്പുണ്ട്."

അമ്മച്ചി പറഞ്ഞത് ശരിയായിരുന്നു. ശരണ്യ ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അത് സംഭവിച്ചത്. ഓണപ്പരീക്ഷയ്ക്കു കിട്ടിയ നല്ല മാർക്കിന്റെ സന്തോഷം പറയുവാൻ അവൾ തിമിർത്ത് വന്നത്, വല്യമ്മച്ചിക്ക് കുളിക്കുവാൻ ചെറിയ പാത്രത്തിൽ തിളച്ച വെള്ളവുമായിവന്ന അമ്മയുടെ മുൻപിലേയ്ക്കായിരുന്നു. തിളച്ചവെള്ളം പച്ചവെള്ളത്തോട് ചേർത്താണ് അമ്മച്ചി കുളിച്ചിരുന്നത്. ശരണ്യയുടെ മുഖത്തിന്റെ ഒരു വശത്ത് ആ തിളച്ച വെള്ളം വീണു. അവളുടെ "അയ്യോ...!" എന്ന വിളി കേട്ട് എണ്ണതേച്ച് കുളിക്കാനിരുന്ന ബിജുവിന്റെ അമ്മപോലും ഞെട്ടിപ്പോയി. "കുഞ്ഞിന്റെ മുഖം ഒരു വശം പൊള്ളിപ്പോയേ..." എന്നാണ് ആൻസി വലിയ വായിലേ കരഞ്ഞത്. ബിജു വീട്ടിലില്ല. വേറെയൊരേയും പ്രത്യേകസഹായത്തിനു കിട്ടിയില്ല. ആശുപത്രിയിൽ എത്തുമ്പോഴേക്കും ശരണ്യയുടെ മുഖത്തിന്റെ ഒരു വശം കരുവാളിച്ചിരുന്നു. മിടുക്കനായ ഡോക്ടർ പറഞ്ഞു. "കുഞ്ഞിന്റെ തൊലി കരിഞ്ഞിട്ടില്ല. അതുകൊണ്ട് സമാധാനപ്പെടൂ." പക്ഷേ, അന്നുമുതൽ ശരണ്യയ്ക്ക് സമാധാനമില്ലാതായി. ഒന്നും ചെയ്യുവാൻ പറ്റാത്ത അവസ്ഥ. സുന്ദരമായ വെളുത്ത മുഖം ഒരുവശത്ത്. കറുത്ത് കരുവാളിച്ച മുഖം മറുപാതി. ആരും അവളെ നോക്കും. സംശയങ്ങൾ അവരുടെ കണ്ണുകളിൽ. "മൈം കളിക്കുവാൻ നിനക്ക് മേയ്ക്കപ്പ് വേണ്ടല്ലോ." കൂട്ടുകാർ അവളെ കളിയാക്കി. അത് സംഭവിച്ചിട്ട് 7 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ശരണ്യയ്ക്ക് ഇപ്പോൾ "വലിയ വർത്തമാനങ്ങളില്ല" പഴയ "പൊട്ടിച്ചിരിയില്ല." "ഈ കൊച്ചിനെ കെട്ടാൻ ഏതെങ്കിലും പയ്യൻ വരുമോ" എന്ന ആൻസിയുടെയും ബിജുവിന്റെയും അടക്കിപിടിച്ച സംസാരം അവളെ പലപ്പോഴും ഉറക്കത്തിൽപോലും അസ്വസ്ഥയാക്കി. താൻ ഒരു ഭാരമാണോ എന്നുപോലും അവൾ ചിന്തിച്ചു തുടങ്ങി.

ആയിടയ്ക്കാണ് തങ്ങളുടെ ഇടവക ദേവാലയത്തിൽ സ്ഥലംമാറിവന്ന ചെറുപ്പക്കാരനായ വികാരിയച്ചൻ ശരണ്യയെ വളരെയധികം നിരീക്ഷിച്ചിട്ട് അവളോട് ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു. "നീ ജീവിതത്തിന്റെ താളം ഒന്നു മാറ്റിപിടിക്കണം. കലയിലും, സംഗീതത്തിലും, ഡാൻസിലും പ്രാവീണ്യമുള്ള നീ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുവാൻ പോകണം. ദൈവം എന്തോ നിനക്കുവേണ്ടി കരുതിവച്ചിട്ടുണ്ട്. ആരും കരുതി

വയ്ക്കാത്തത്." തന്റെ സുഹൃത്തുക്കളിൽ രണ്ടുപേർ അവിടെ പഠിക്കുന്ന കാര്യം വികാരിയച്ചൻ ശരണ്യയോട് പറഞ്ഞു. "നീ ഈ കൊച്ചുലോകത്തുനിന്ന് മാറണം. കരുവാളിച്ച ജീവിതങ്ങളുമായി, അങ്ങനെ ജീവിതം നഷ്ടപ്പെട്ടവരുടെ കഥകളെ അഭ്രപാളികളിൽ പകർത്തുന്നവരെ കണ്ടുമുട്ടണം. അവരുമായി ഉരസി, നീ നിന്നെതന്നെ മറക്കണം. നിന്റെ പ്രശ്നം ഗുരുതരമായ ഒരു പ്രശ്നമല്ലെന്നും ലോകം നിന്നേക്കാൾ വലുതാണെന്നും നിനക്കു പതിയെ മനസ്സിലാകും." എറണാകുളത്തുനിന്ന് അവളെ ട്രെയിൻ കയറ്റി വിടുവാൻ ആൻസിയോടും ബിജുവിനോടുമൊപ്പം വികാരിയച്ചനുമുണ്ടായിരുന്നു. ശിഷ്യയെ ദൈവരാജ്യപ്രഘോഷണത്തിന് വിടുന്നതുപോലെ.

ശിവജിയുടെ നാട്ടിൽ ചേക്കേറിയ ആദ്യദിവസംതന്നെ ശരണ്യയ്ക്ക് സ്ഥലവും സാഹചര്യവും ഇഷ്ടപ്പെട്ടു. പൊക്കം കുറഞ്ഞവർ അഴകുണ്ടെന്ന് പറയിനില്ലാത്തവർ, അംഗവൈകല്യമുള്ളവർ എല്ലാവരും കലാപ്രതിഭകൾ. ഒരേ ആഗ്രഹം. ജീവിതത്തിന്റെ സങ്കീർണ്ണതകളെ ഒരു കണ്ണാടിയിലെന്നപോലെ ലോകത്തിന് കാണിച്ചുകൊടുക്കുവാനുള്ള പരിശീലനം ലഭിക്കണം. ശരണ്യ അവരിലൊരാളായി. മുഖത്തെ കരുവാളിപ്പ് സൗന്ദര്യമായും, തനിമയായും തിരിച്ചറിഞ്ഞ ദിവസങ്ങൾ. കൂട്ടുകാർ കളിയാക്കുമ്പോൾ എല്ലാം മറന്ന് പൊട്ടിച്ചിരിക്കുവാൻ പഠിച്ച ദിവസങ്ങൾ. ആത്മാഭിമാനം ആകാശത്തോളം ഉയർന്നുപൊങ്ങിയ ക്ലാസ്സിന്റെ പഠനപ്രക്രിയകൾ. ജീവിതമാകുന്ന പുഴയിൽ അവൾ ഒഴുകുവാൻ ആരംഭിച്ചിരിക്കുന്നു. ആർക്കും തോല്പിക്കുവാൻ സാധിക്കാത്ത ആത്മധൈര്യത്തോടെയാണ്, മൂന്നു വർഷം കഴിഞ്ഞ് കൊച്ചി ആകാശവാണിയിൽ റേഡിയോ അനൗൺസറായി, ഇന്റേൺഷിപ്പിനുവേണ്ടി ഒരു വർഷത്തേയ്ക്ക് ശരണ്യ വന്നത്. ട്രെയിൻ ഇറങ്ങിയപ്പോൾ അവൾക്കുതോന്നി, വലിയ ഇടയൻ തനിക്കുവേണ്ടി ഏറ്റവും മധുരമുള്ള പഴകിയവീഞ്ഞ് കാത്തുവച്ചിരുന്നുവല്ലോയെന്ന്. വീഞ്ഞില്ലാതെവന്നപ്പോൾ താൻ എത്രമാത്രം കരഞ്ഞുവെന്ന്.

ഒരു വർഷത്തെ ഇന്റേൺഷിപ്പിനിടയിൽ ശരണ്യ, കൊച്ചി ആകാശവാണിയിലെ അറിയപ്പെടുന്ന ശബ്ദമായി മാറി. മകളുടെ ശബ്ദം - കരുവാളിച്ച മുഖമുള്ള മൂത്തപുത്രിയുടെ ശബ്ദം അടുക്കളയിലിരിക്കുന്ന റേഡിയോയിലേയ്ക്ക് ഒഴുകിയെത്തിയപ്പോൾ സന്തോഷംകൊണ്ട് പൊഴിഞ്ഞ ആൻസിയുടെ കണ്ണുനീർ ചായപ്പാത്രത്തിലേക്ക് ഒഴുകി വീഴുന്നത് ആരും കാണരുതേയെന്ന് ആൻസി പ്രാർത്ഥിച്ചു. തന്റെ കൊച്ചുമോളുടെ ഇമ്പമാർന്ന ശബ്ദം കേട്ട്, കൊന്തചൊല്ലിക്കൊണ്ടുകിടന്ന

വല്യമ്മച്ചി ആകാശത്തിലേക്ക് കൈകളുയർത്തി. അത് തമ്പുരാനുള്ള ഒരു അപേക്ഷയായിരുന്നു. "ഇനി എന്നെ വിളിച്ചാലും എനിക്ക് പരാതിയില്ല എന്റെ ഈശോയെ."

ആകാശവാണിയിൽ ഉച്ചകഴിഞ്ഞുള്ള രണ്ട് മണിക്കൂർ ആളുകളെ ഇന്റർവ്യൂ ചെയ്യുന്ന ഉത്തരവാദിത്വം ശരണ്യയ്ക്കായി. കരുവാളിച്ച ജീവിതങ്ങളുടെ തകർന്ന സ്വപ്നങ്ങളുടെ കഥകളെ അവൾ റേഡിയോ വേവ്ലൂടെ കടത്തിവിട്ടു. ചേരിയിൽ ജീവിതം അമർന്നു തീരുന്ന വിധവകൾ, ഇടംകിട്ടാതെ ശ്വാസംമുട്ടിൽ കഴിയുന്ന ട്രാൻസ്ജൻഡറുകൾ, ശരീരം വിറ്റ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന സ്ത്രീകളുടെ ഇടയിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സ്, അനാഥ ജന്മങ്ങളെ സനാഥമാക്കുന്ന വൈദികർ, ആത്മാഭിമാനം നഷ്ടപ്പെട്ടുപോയ വിദ്യാർത്ഥിനികൾ, മയക്കുമരുന്നിന് അടിമകളായി മാറിയ ചെറുപ്പക്കാർ, കൊട്ടേഷൻ ടീമിലേക്കു തള്ളിയിടപ്പെട്ട യുവജീവിതങ്ങൾ, പ്രശസ്തരായിരുന്നില്ല, ശരണ്യയുടെ മുന്നിലെ കസേരയിലിരുന്നവർ. പലരും ഈ മണ്ണിന് വേണ്ടാത്തവർ. ഈ ഭൂമി ഭാരമായി കരുതുന്നവർ. നാളെയ്ക്കായി അഭിമാനിക്കുവാൻ ഒന്നും കൈവശമില്ലാത്തവർ താനവിടെയായിരുന്നുവെന്ന് ശരണ്യതന്നെ പലപ്പോഴും ഓർമ്മിപ്പിച്ചിരുന്നു. അവളുടെ റേഡിയോ പ്രോഗ്രാം കേൾക്കാൻ ചായക്കടകളിൽ, ചുമട് തൊഴിലാളി സംഘടനാ കൂട്ടായ്മകളിൽ, തയ്യൽ കടകളിൽ, പാടവരമ്പത്ത് ജനം കാത്തിരുന്നു. 2000 വർഷം മുൻപ് ഈ മണ്ണിന് കുറുകെ നടന്നുപോയ ഒരു ചെറുപ്പക്കാരന്റെ വചനത്തിന്റെ പരിമളമുണ്ടായിരുന്നു ശരണ്യയുടെ വാക്കുകളിൽ.

ജീവിതത്തിന്റെ തേര് തെളിച്ച് ശരണ്യ മുന്നേറുകയാണ്. എല്ലാ ദിവസവും രാവിലെ നിത്യാരാധന ചാപ്പലിൽ അരമണിക്കൂർ; അവളുടെ പതിവാണ്. ഇന്നും ക്രൂശിതരൂപത്തെ കാണുമ്പോൾ അവൾ കരയും. ആ കരച്ചിൽ ഒരു സങ്കടമല്ല; ഒരു അപേക്ഷയാണ്. "എന്റെ ജീവിതവീഥികളിൽ നീ ജനത്തെ കണ്ടുമുട്ടി ആശ്വസിപ്പിച്ച്, ജീവിതത്തിന്റെ മറുപുറം കാണിച്ച് അവരെ വലുതാക്കിയതുപോലെ, ഈ കരുവാളിച്ച മുഖത്തിനുമപ്പുറം, നിന്റെ വലിയ ലോകമുണ്ടെന്നും, എന്നെയും ജീവിതം കരുവാളിച്ചപോലെ എല്ലാവരേയും ബോധ്യപ്പെടുത്തണമേ. ശിഷ്യത്വം തന്നില്ലെങ്കിലും കുഴപ്പമില്ല, അമ്പത് അടി മാറിനിന്ന് നിന്നെ അനുകരിക്കുവാൻ ആത്മാവ് ഏകിയാലും."

**സെബാസ്റ്റ്യൻ പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Mar George Cardinal Alencherry
**Archbishop**

## MAY 2019

| | | |
|---|---|---|
| 01 | Parel<br>Inchiyany | Marriage<br>*Sneha Deepam* Jubilee |
| 03 | Mount St.Thomas | Commission Secretarys' Meeting |
| 04 | Kakkanad | Baptism |
| 05 | Nedumbassery | Holy Mass |
| 06 | Nadavarambu | Holy Mass |
| 08-10 | Bangalore | C.B.C.I. Standing Committee Meeting |
| 12 | Mundakkayam | Centenary Celebration |
| 13 | Mount St.Thomas | *Prathibha Sangamam* (Std. VII) |
| 14 | Mount St.Thomas | Benefactors' Meet |
| 16 | Pala | S.M.S. Sisters' Jubilee |
| 18 | Kokkamangalam | Jubilee of Archbishop Mar Joseph Chennoth |
| 19 | Vijopuram | Platinum Jubilee Celebration |
| 22 | Thruthy | Marriage |
| 23 - 28 | Canada | |
| 30 | Mount St.Thomas | Pilgrim Centres' Rectors' Meet |



## Mar Jacob Manathodath
### Apostolic Administrator

## MAY 2019

| | | | |
|---|---|---|---|
| 1 | am | Palakkad | |
| 3 | pm | Kongorpilly | Holy Mass |
| 04 - 06 | | Palakkad | |
| 10 | pm | Kodamthuruth | Adoration |
| 11 | am | Valamangalam | |
| | pm | Angamaly | Subodhana |
| | | Periyarmugham | Holy Mass - Parish Declaration |
| 12 - 15 | | Palakkad | |
| 19 | | Palakkad | |
| 22 - 23 | | Palakkad | |
| 25 | | Palakkad | |
| 26 | pm | Lisieu Nagr | Holy Mass - Golden Jubilee |
| 29 | am | Irinjalakkuda | Inter-Curia Meeting |
| 30 | | Palakkad | |

## JUNE 2019

| | | | |
|---|---|---|---|
| 02 | | Palakkad | |
| 04 - 06 | | P.O.C. | K.C.B.C. |
| 08 - 09 | | Palakkad | |



## Mar Sebastian Adayanthrath

### Auxiliary Bishop

## MAY 2019

| | | | |
|---|---|---|---|
| 1 | am | Basilica, Ekm. | First Holy Communion |
| | pm | Thuthiyoor | Church Blessing |
| 2 | am | Palluruthy | First Holy Communion |
| | pm | Nalukettu | Holy Mass, Hall Blessing, & Family Unit Meeting |
| 3 | pm | Bishop's House | Board Meeting - B.M.C. Commerce & Arts |
| 4 | am | Chowara | Ordination - Dn. Jinto Thekkanath C.Ss.R. |
| | pm | Kalamassery | Profession - S.A.B.S. Sisters |
| 5 | am | Kottakavu | First Holy Communion |
| | pm | Paluthara | Holy Mass & Parish Day |
| 6 | am | Koodalappad | First Holy Communion & Baptism 4th Child |
| | pm | Bishop's House | Board Meeting - Naipunnya Welfare Service |
| | | Bishop's House | Board Meeting - NIMIT Pongam |
| 7 | am | Bishop's House | Special Meeting |
| | pm | Bishop's House | Board Meeting - Naipunnya School of Management |
| 8 | am | Bishop's House | Board Meeting - Renewal Centre |
| | pm | Bishop's House | Board Meeting - Sathyadeepam |
| | | Pattanam | Holy Mass - *Sadhapthi* Celebration |
| 9 | pm | Vaikom | Holy Mass & Golden Jubilee, Amala Bhavan |
| 10 | am | Renewal Centre | Teachers' Meet |
| | pm | Edayazham | Homes Blessing - S.A.B.S. Sisters |
| 11 | am | Maradu | Vestition - C.M.C. Mission Province |
| 12 - 13 | | Kasarkode | Marriage |
| 14 | am | Akaparambu | Final Profession & Jubilee |
| | pm | Bishop's House | Board Meeting - Naipunnya International |
| 15 | am | Bishop's House | Board Meeting - Corporate Education Agency |
| | pm | Kottamam | Baptism, 4th Child |
| | | Bishop's House | Board Meeting - Naipunnya, Kochi |

| | | | |
|---|---|---|---|
| 16 | am | Pala Cathedral | Message, Golden Jubilee of Snehagiri Sisters |
| 17 | pm | Niveditha | Training Program, Naipunnya, Edakunnu |
| 18 | pm | Perumbavoor | Betrothal |
| | | Marygiri | Holy Mass & Jubilee Celebration |
| 19 | pm | N. Thuravoor | Holy Mass & Parish Day |
| 20 | am | Bishop's House | Board Meeting - St. Michael's School, Kolengai |
| | pm | Bishop's House | Board Meeting - Naipunnya, Edakunnu |
| | | Basilica Hall | Meeting, Mahajubilee Trust |
| 21 | pm | Kakkanad | Liturgy Meeting |
| 22 | | Kakkanad | Liturgy Meeting |
| 23 | am | Vaikom | Memorial Mass |
| | pm | Prasadagiri | Message - C.L.C. Camp |
| 24 | pm | Bishop's House | Board Meeting - Snehasusrooshalayam |
| | pm | Bishop's House | Board Meeting - Welfare Ekm |
| | | Bishop's House | Board Meeting - NIMIT Pongam |
| 25 | am | N. Panavally | First Holy Communion |
| | pm | Renewal Centre | Catechism Award Ceremony & Academic Year Inauguration |
| 26 | am | Njaralloor | Holy Mass & Meeting |
| | pm | Elamkulam | Marriage Blessing |
| 27 | am | Mankuzhy | Holy Mass & Meeting |
| | pm | Basilica, Ekm. | Betrothal |
| 28 | am | Bishop's House | Board Meeting - B.M.C. & BMIM |
| | pm | Bishop's House | Board Meeting - Subodhana |
| 29 | am | Bishop's House | Board Meeting - Niveditha |
| | pm | N. Chapannoor | Holy Mass & Jubilee Celebration of Sahurdaya Kshema Sangam |
| 30 | am | Bishop's House | Board Meeting - Matha Nagar |
| | pm | Bishop's House | Board Meeting - Social Kalamassery |
| 31 | pm | Edakunnu | Priests' Home Visit |

## JUNE 2019

| | | | |
|---|---|---|---|
| 1 | am | Edakkunnu | Holy Mass - Priests' Home |
| 2 | pm | N. Thuravoor | Marriage Blessing |
| 3 | am | Bishop's House | Board Meeting - Vaikom Welfare |
| | pm | Bishop's House | Board Meeting - Madonna Charitable Trust |
| 4 | am | Thannirmukkom | School Blessing, Academic Year Inauguration |
| 04 - 06 | | P.O.C. | K.C.B.C. |
| 7 | am | Bishop's House | Board Meeting - Corporate Education Agency |
| 8 | am | Basilica, Ekm. | Betrothal |
| | | Basilica, Ekm. | First Holy Communion (Private) |
| 9 | am | Kandanad | Holy Mass & Jubilee - Bro. Antony Painumkal |
| 10 | pm | Bishop's House | Board Meeting - Welfare Centre, Ponnurunni |



## Mar Jose Puthenveettil

### Auxiliary Bishop

## MAY 2019

| | | | |
|---|---|---|---|
| 1 | am | Thaikattukara | First Holy Communion |
| | | Angamaly | Holy Mass & Blessing - C.S.N. |
| 2 | am | Kalady | First Profession, Preshitharam Sisters |
| 3 | pm | Vengoor | Holy Mass & Flag Hoisting |
| 4 | am | Basilica, Ekm. | Confirmation |
| | pm | Thengode | Holy Mass & Blessing |
| 5 | am | Nayathode | First Holy Communion |
| | | Josepuram | First Holy Communion |
| | pm | Basilica, Ekm. | Marriage Blessing |
| | | Kurumassery | Holy Mass, Hall Blessing, |
| 6 | am | Edappally | Rasa |
| 8 | am | Asokapuram | Holy Mass & Jubilee |

| | | | |
|---|---|---|---|
| 11 | am | Kumbalam | First Holy Communion |
| | | Perumbavoor | Jubilee |
| 12 | am | S. Thuravoor | First Holy Communion |
| | pm | Vallakom | Holy Mass |
| 13 | am | Aluva | Minor Orders - C.S.T. |
| | am | Kanjoor | Baptism, 4th Child |
| 14 -16 | | Engaged | |
| 18 | am | Niveditha | Holy Mass & Class |
| 19 | am | Lisue Nagar | First Holy Communion |
| | pm | Vaikom | Holy Mass |
| 23 | pm | Paluthara | Holy Mass & Baptism |
| 25 | am | Renewal Centre | Catechism, H.M. Conference |
| | pm | Devagiri | Holy Mass & Parish Day |
| 26 | | Chunangamvely | Niveditha - Retreat |
| 27- 28 | | Engaged | |
| 29 | am | Kaipra | Final Profession - D.S.H.J. Sisters |

## JUNE 2019

| | | | |
|---|---|---|---|
| 1 | pm | S.H. Seminary | Meeting |
| 3 | am | Chunangamvely | Blessing |
| | pm | Vadavathoor | Blessing |
| 04 - 06 | | P.O.C. | K.C.B.C. |
| 8 | pm | Renewal Centre | Award Ceremony |
| 9 | am | Angamaly | Message, Pentecost, Angamaly Zone |

* * * * *

# കച്ചേരിക്കാര്യം

## ബ. വൈദികരുടെ വാർഷിക ധ്യാനം

ഓരോ വർഷവും അതിരൂപതാ വൈദികർക്കായി നടത്തുന്ന പൊതുധ്യാനത്തിൽ എല്ലാ വൈദികരും നിർബന്ധമായും സംബന്ധിക്കണം. തക്ക കാരണങ്ങളാൽ വാർഷിക ധ്യാനത്തിന്റെ ഏതെങ്കിലുമൊരു ബാച്ചിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ അക്കാര്യം അതിരൂപതാ കച്ചേരിയിൽ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിയശേഷം **ഡിസംബർ 31 – ാം തീയതി**ക്കുമുമ്പ് ധ്യാനത്തിൽ സംബന്ധിച്ച് പ്രസ്തുത വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കുകയും ചെയ്യേണ്ടതാണ് (*അതിരൂപതനിയമസംഹിത 2009,* പേജ് 44, 30 (ii)).

1. രണ്ട് സ്ഥലങ്ങളിൽ 5 ബാച്ചുകളായി ധ്യാനം നടത്തുന്നു:

### 1) നിവേദിത, ചുണങ്ങംവേലി

**ബാച്ച് 1 : ജൂൺ 9 – 14 റവ. ഫാ. മരിയ ദാസ് O.I.C.**

**ബാച്ച് 2 : ജൂൺ 16 – 21 റവ. ഫാ. ജോസ് വേലാച്ചേരി OFM Cap.**

**ബാച്ച് 3 : ജൂൺ 23 – 28 റവ. ഫാ. ഷാജൻ തേവർമഠം**

**ബാച്ച് 4 : ജൂലൈ 07 – 12 റവ. ഫാ. ജേക്കബ് പറപ്പള്ളി M.S.F.S.**

### 2) പ്രീസ്റ്റ്സ് ഹോം, എടക്കുന്ന്

**ബാച്ച് 5 : സെപ്റ്റംബർ 08 – 13**

2. **കൊണ്ടുവരേണ്ടവ:**
   - കുർബാനക്കണക്ക്, കുമ്പസാരപത്തേന്തി,
   - കാനോന നമസ്കാരപുസ്തകം (മൂന്നാം ഭാഗം),
   - Binated and Trinated കുർബാനകളുടെ കണക്ക്.

3. ധ്യാനം സംബന്ധിച്ച് ബഹു. വൈദികർ ഓരോരുത്തരും ചൊല്ലേണ്ട കുർബാനകൾ:
   **പരേതരായ നമ്മുടെ വന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി: 1**
   **ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ: 5**
   **വൈദികക്ഷേമനിധി (PWF) യിലേക്ക്: 12**
   **പൊതുധ്യാനത്തിൽ സംബന്ധിക്കുന്നവർ ഭക്ഷണ ചെലവിനായി : 5**

   അതിരൂപതാ വൈദികരിൽ പൊതു ധ്യാനത്തിൽ സംബന്ധിക്കുന്നവർ **23** കുർബാനകളും, തനിച്ചു ധ്യാനിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളവർ 18 കുർബാനകളും

**ഡിസംബർ 31–ാം** തീയതിക്കകം ചൊല്ലിത്തീർത്ത് വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം (*അതിരൂപത നിയമസംഹിത 2009,* പേജ് 44).

4. തനിച്ചു ധ്യാനിക്കുന്നവർ **ഡിസംബർ 31**-നു മുമ്പ് ധ്യാനം നടത്തി വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം. അതോടുകൂടി കുർബാനക്കണക്ക് ഏല്പിക്കുകയും കുമ്പസാര പത്തേന്തി പുതുക്കുകയും ചെയ്യണം.

5. നിശ്ചയിച്ചിരിക്കുന്ന ബാച്ച് മാറി ധ്യാനത്തിൽ സംബന്ധിക്കണമെന്ന് ആഗ്രഹിക്കുന്ന വൈദികർ ആ വിവരം **നിവേദിത ഡയറക്ടർ ഫാ. പോൾ വെള്ളറയ്ക്കലിനെ** മുൻകൂട്ടി അറിയിക്കണം.

## സന്ന്യസ്ത വൈദികർ

അതിരൂപതയ്ക്കുവേണ്ടി സേവനം ചെയ്യുന്ന സന്ന്യസ്ത വൈദികർ അതിരൂപത നടത്തുന്ന പൊതുധ്യാനത്തിൽ സംബന്ധിക്കണമെന്നതാണ് അതിരൂപതയുടെ താല്പര്യം. അപ്രകാരം ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏതു ബാച്ചിലാണ് ഉൾപ്പെടുത്തേണ്ടതെന്ന വിവരം മുൻകൂട്ടി **നിവേദിത ഡയറക്ടർ ഫാ. പോൾ വെള്ളറയ്ക്കലിനെ** അറിയിക്കേണ്ടതാണ്.

**ഫോൺ**: 0484 – 2837375, 2837870, **മൊബൈൽ**: 9495446311

ഫാ. വർഗീസ് പൊട്ടയ്ക്കൽ
പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്

## Batch I - June 9 - 14

**Rev. Fr. Maria Das O.I.C.**

1. Ainiyadan John
2. Ambooken Paul (Jeny)
3. Athappilly Paul
4. Bharanikulangara Kurian
5. Chalissery Anto
6. Cheerakathil Thomas (Sinto)
7. Chillackal Thomas
8. Chirackal Xavier (Abin)
9. Cholikkara Jose
10. Chulliyil Ignatius
11. Edassery Mathew
12. Eravimangalam Antony (Sunny)
13. Kachappilly Jacob (Vince)
14. Kachirackal Mathew (Martin)
15. Kaiprampadan Paul (Justin)
16. Kaithakottil Joyce
17. Kalapparambath Thomas (Joshy)
18. Kallarackal Joseph (Joy)
19. Kallookaran Paul
20. Kallookaran Thomas
21. Kandathil Thomas (Tomy)
22. Kannampuzha Joseph (Reju)
23. Kannaparamban Joseph (Saji)
24. Kannattu John (Jibin)
25. Karachira Paul
26. Karedan Paul
27. Kariyil Thomas
28. Kavalipadan Francis

29. Kiliyelkudy Paul (Anil) (Sr.)
30. Kiriyanthan Joseph (Sijo)
31. Kodiyan Joseph
32. Kolenchery Joy
33. Koluthuvellil Joseph
34. Koottunkal Sebastian
35. Kottakkal Antony (Tony)
36. Kozhikkadan Varghese
37. Kunnathoor Lukose
38. Kureeckal Joseph
39. Madan Jose
40. Madassery Sebastian
41. Madathil Joseph (Christy)
42. Makkothakkatt Jose
43. Malpan Rocky (Suresh)
44. Manavalan Paul (K)
45. Manayampilly Sebastian (Sibin)
46. Mandanath Jose
47. Manikath Varghese
48. Maniparambil Nichlavos
49. Marottikkal Kuruvila
50. Mekkanthuruthil Alex
51. Meledath Paul (Jaison)
52. Mullanchira Tom
53. Mynatty Hormis
54. Nalpat Jose
55. Nariculam Antony Msgr.
56. Nereveettil Cheriyan
57. Ozhalakat Jose
58. Padickaparambil Varghese (Savy)
59. Padinjarepallattil Joseph
60. Painumkal Jose
61. Palackappilly Jacob
62. Palatty Varghese (Sr.)
63. Panavelil James
64. Paravara Antony
65. Parecattil Joseph
66. Perepadan Thomas
67. Plackal Joy
68. Poochakat Thomas (Jimmy)
69. Pottoly Sebastian
70. Punnassery Antony Msgr.
71. Puthenparambil George (Siby)
72. Puthiaparambil Antony
73. Puthussery Joseph (K)
74. Thachil Mathew
75. Tharayil Thomas
76. Thekkinedath Joseph (Petson)
77. Thekkinezhath Varghese (Renson)
78. Thelakkat Jose
79. Thenayan Paul
80. Thengathara Kuriakose
81. Thottupuram John
82. Uppani Jose
83. Vaikathuparambil Thomas
84. Vallayil Jose
85. Vattakkara James (Jomish)

## Batch II - June 16 - 21

**Rev. Fr. Jose Velachery OFM55 Cap.**

1. Ainiyadan Sebastian
2. Arackal Varghese
3. Bharanikulangara Paul (Jino)
4. Channappallil Sebastian
5. Cheerakathil John (Rijo)
6. Chempothanayil Paul
7. Chenginiyadan Varghese (Jijo)
8. Chirackal Joseph (Joshy)
9. Chittilappilly Joseph (Melvin)
10. Chully Paul
11. Edassery Varghese (Baiju) (Jr.)
12. Eravimangalam Kuriakose (Jimmy)
13. Kachappilly Dominic
14. Kachappilly Paul
15. Kadookunnel John (Sony)
16. Kaiprampadan Paul (Sr.)
17. Kalapparambath Varghese
18. Kallarackal Sebastian (Jijo)
19. Kallungal Sebastian (Sen)

20. Kaniamparambil Joseph
21. Kannampuzha Joy
22. Karthanam Mathew (Jimmichan)
23. Katteth George
24. Kavalippadan Varkey (Jithin)
25. Kilukkan Chacko
26. Kodackal Berchmans
27. Kolenchery Paul
28. Konattukuzhy Mathew
29. Koovely Johnson
30. Kottakkal Paul (Jr.)
31. Kozhuvallil Jacob
32. Kunnekkadan Paul (Stenny)
33. Kunnel Joseph (Vinu)
34. Madan Paul
35. Madavanakad Joseph (Jomon)
36. Mampilly Varghese (Sabu)
37. Manavalan Tharian (Praveen)
38. Mangalassery Thomas
39. Manickathan Joseph (Tony)
40. Manikathan Devassy
41. Manjaly Jacob
42. Marottikudy Jacob
43. Mazhuvanchery Thomas
44. Melappelly Joseph (Marshel)
45. Moonjely Augustine (Anu)
46. Mulavarickal Joseph (Nelbin)
47. Nariculam Thomas
48. Nellissery Sebastian
49. Njaliath Tharian
50. Padannakkal Davis (Ajil)
51. Painumkal John
52. Painumkal Varghese
53. Palamoottil George (Pradeesh)
54. Palathingal Jose
55. Pallupetta Simon
56. Parackal Antony (Subin)
57. Parappuram Jose
58. Parecattil Paul (Shiju)
59. Parevely Antony
60. Perumayan Mathew
61. Perumayan Thomas (Joy)
62. Pollayil Jose
63. Poonoly Sebastian (Bineesh)
64. Punnakkal George (Baby)
65. Punnakkal Sebastian (Rajan)
66. Puthiyedath Jose
67. Puthussery Joseph (Sanu)
68. Puthuva Joshy (Antony)
69. Pynadath Sebastian
70. Pynadath Thomas
71. Theckanath John
72. Thekken John
73. Thekkinen Joseph
74. Thelakkat Paul
75. Thengathara Jose
76. Thottiyil James
77. Thuruthikkara Gregorious (Jiju)
78. Vailikodath Jose
79. Valavi Joseph
80. Vallooran Johnson
81. Vattoly Augustine
82. Vattoly Joseph
83. Vazhaparambil Philip
84. Vezhaparambil Joshy
85. Vithayathil Thomas

## Batch III - June 23 - 28

### Rev. Fr. Shajan Thevermadam

1. Alukkal James
2. Arickal Francis
3. Avallil Xavier
4. Chathely Jose
5. Cherikathadam Jacob
6. Cherpanath Shanly
7. Chethimattam Abraham (Ginu)
8. Chittinappilly Paul

9. Edassery Antony (Darvin)
10. Edassery Jose
11. Edassery Varghese (Sr.)
12. Kadalikkattil Paul (Disto)
13. Kaiprampatt Joseph (Jomon)
14. Kakkat John
15. Kalappurackal Sebastian
16. Kalapurackal Joseph (Abin)
17. Kallely Augustine
18. Kanamkudam George
19. Kanjirakattukari Peter (Saneesh)
20. Kannambilly Joseph (Sanjo)
21. Kannampuzha Peter
22. Kannatt Thomas
23. Karachira Jose
24. Karumathy Joseph
25. Kattezhath Alex
26. Kidangan Kuriakose (Subin)
27. Kiliyelikkudy Paul (Anil) (Jr.)
28. Kilukkan Mathew (Manjul)
29. Kollamkudy Rocky
30. Koren Kuriakose (Saju)
31. Kottakkal Paul (Sr.)
32. Kozhuvallil Varkey (Sanju)
33. Kumpail Vakkachan (Varghese)
34. Kurickavelichira Antony (Jithu)
35. Madassery Paul (Jr.)
36. Madavana Davis
37. Maippan Thomas (Ancil)
38. Manavalan Varghese
39. Mangalath Mathew
40. Manickathan Xavier (Dino)
41. Manikathan George
42. Mankuriyil Antony
43. Mazhuvanchery Antony
44. Moonjely George
45. Moonjely Varghese (Sr.)
46. Mundadan Tharian
47. Naduvathusery Antony
48. Nangelimalil Rojan
49. Nazhiyampara Sebastian
50. Njaliath Paul (Jery)
51. Njanakkal Augustine (Nideesh)
52. Padayattil George (Varkey)
53. Padayattil Peter (Sajo)
54. Palatty Joseph (Jr.) (Bijoy)
55. Paliakkara Joseph (Jomon)
56. Pallipatt Joseph (Jinu)
57. Parambathara Vincent
58. Parappuram Joseph
59. Parecattil Paul (Sifil)
60. Parecattil Varghese (Albin)
61. Payyappilly Ignatius
62. Payyappilly Thomas
63. Perumayan Varghese (Biju)
64. Pollechira John
65. Poothavelil Antony
66. Punchapudussery Basil
67. Punnakkal Varghese
68. Puthenpurackal Varghese (Sherin)
69. Puthussery Jacob
70. Puthussery Thomas (K)
71. Sankoorikal Joseph (Jomon)
72. Thalian Sebastian
73. Theckanath Sebastian
74. Thelakkat Xavier (Sr.)
75. Thelekatt George (Aneesh)
76. Thiruthanathil Peter
77. Thottakkara Jose
78. Thottiyil Varghese (Lal)
79. Thuruthikkara James
80. Thykkoottathil Varghese (Prince)
81. Urakkadan Sebastian
82. Vadakkumchery Johnson
83. Valookkaran Thomas
84. Vazhakkala Antony
85. Vazhappilly Sebastian

## Batch IV - July 7 - 12
### Rev. Fr. Jacob Parappally M.S.F.S.

1. Alukkal Varghese
2. Athappilly George
3. Bharanikulangara Augustine
4. Chakiath Elias (Biju)
5. Cheraparambil Varghese
6. Cherupilly Paul (Shaju)
7. Chirackal Manavalan Joseph (Jiril)
8. Elavumkudy Johnson
9. Enchakattumannil Mathew (Jessab)
10. Kachappilly George
11. Kadappallil James (Anoop)
12. Kaiprampatt Sebastian
13. Kakkattuchira Thomas (Jimmy)
14. Kalappurackal Kuriakose
15. Kalathiparambil Kuriakose (Juby)
16. Kallookaran Antony (Tony)
17. Kandathil Joseph (Biju)
18. Kanjirakattukari Paul
19. Kannampilly Varghese (Baiju)
20. Kannampuzha Varghese (Santo)
21. Kattakayam Kurian
22. Kattayil Mathew (Denny)
23. Kavalakkatt Paul
24. Kidangen Abraham
25. Kilukkan Thomas (Binto)
26. Koilparambil George
27. Koikkara Antony (Binto)
28. Koikkara Peter (Shabu)
29. Koluthuvally Raphael (Jaison)
30. Konuparamban Sebastian
31. Koottunkal Job
32. Koroth Jacob
33. Kozhikkadan Joseph
34. Kunnathoor James (Jimmy)
35. Kurisunkal Kurian
36. Madappadan Varghese (Geo)
37. Madassery Paul (Sr.)
38. Madathumpady Antony
39. Maipan Jose
40. Maliyekkal Antony (Tony)
41. Manavalan Mathew
42. Manayampilly Paul
43. Mangatt Thomas (Binu)
44. Manikathan Sebastian
45. Maramparambil Joseph (Benny)
46. Meembamthanathu Stephen (Dibin)
47. Moothedan Antony (Ajo)
48. Mynattiparambil Varghese (Rijo)
49. Nangelimalil Thomas
50. Nellikunnath Zacharias
51. Nellissery George
52. Nereveettil George
53. Oliapurath Abraham (Jijiachan)
54. Padayattil Chacko (Jinto)
55. Padayattil Paul (Sr.)
56. Painumkal Mathew
57. Palatty Sebastian
58. Pallickal Jacob
59. Pallippattu Joseph (Jith)
60. Paranilam Zacharias
61. Parecattil Sebastian (Benny)
62. Parecattil Thomas
63. Perepadan James
64. Pereppadan Paulson
65. Plackal Joseph (Biju)
66. Poochakat Abraham
67. Pottackal Varghese (Joshy)
68. Puduchery Thomas (P)
69. Punnackal Paul (Pinto)
70. Puthenmanayil Kuriakose
71. Puthenpurakal Shajan
72. Puthussery Jacob (Joyson) (Jr.)
73. Puthuva John
74. Thachil Joseph (Jr.)
75. Thaiparambil Varghese (Assin)
76. Thamaravely Joseph
77. Thekkanath Paul (Biju)

78. Thottakkara Hormis
79. Thottungal Jetto
80. Thottungal Sebastian
81. Vadakkumpadan Sebastian (Jr.2)
82. Valiaveettil Varghese (Arun)
83. Varikkattupadam Mathew (Vinil)
84. Vattaparambil Antony (Sinoy)
85. Vithayathil George

## Batch V - Sept. 8 - 13

1. Ainiyadan Joy
2. Attummel Michael
3. Chakian Paul
4. Chakiath Joseph
5. Chakiath Kuriakose (Joy)
6. Chanikuzhy Jacob
7. Cheramthuruthy Anto
8. Cheruvallil Kuriakose
9. Chirapanath Antony
10. Edassery Joseph (Ebey)
11. Elavumkudy Antony
12. Kaithottungal Paul (Paulachan)
13. Kallungal Martin
14. Kandathil Stephen
15. Karathuruthil Paul
16. Kattakkakathoot Paul
17. Kattakkakathoot Varghese
18. Kidangen Xavier
19. Kodiyan Thomas
20. Kottakkal Joseph
21. Maliekal Thomas
22. Marottikudy Hormis (Shaju)
23. Moonjely Joseph (Shanu)
24. Mundadan Kuriakose
25. Muttomthotty Mathew
26. Nellissery Jose Paul
27. Njaliath Varghese Msgr.
28. Odanat Joseph
29. Oliapurath Jose
30. Painumkal Issac Damian
31. Palatty Joseph (Sr.)
32. Palatty Varghese (V)
33. Pallippadan Joseph
34. Payyappilly George
35. Ponthempilly Varghese (Baiju)
36. Pulickalan George
37. Punchapudussery Joseph
38. Puthenkudy Joseph
39. Puthenpura George
40. Puthussery Joseph (M)
41. Sankoorikal Sebastian
42. Thachil Jose (N)
43. Thenayan Augustine
44. Thottappilly Sebastian
45. Urakkadan Antony
46. Vadakkumpadan Sebastian Msgr.
47. Valookkaran Mathew
48. Vellarackal Paul

## Personal Retreat

1. Adayanthrath Martin
2. Alukkal Thomas
3. Ambalathingal Varghese
4. Bharanikulangara Jose
5. Chakian Joseph (Joy)
6. Chirackal Manavalan Thomas
7. Chiramel Jose
8. Chozhithara John (Ulahannan)
9. Edappulavan Kuriakose (Jipson)
10. Edassery Martin (Sminto)
11. Eraly Mathew
12. Gnalian Jacob
13. Inchakkal Celestine
14. Kalappurackal George (Sunny)
15. Kalappurackal Jose Seejo
16. Kalathil Joseph (Babu)
17. Kanjirathinkal Sebastian (Sebin)
18. Kannambilly Thomas (Salvin)
19. Kareemadom Alex
20. Kareethara Xavier

21. Karukanthara Thomas (Julius)
22. Kattuparambil Antony (Linto)
23. Kelamparambil Job
24. Kiriyanthan Joe Paul
25. Kizhakkettam Sebastian
26. Kizhavana Chandy (Jacson)
27. Kodiyan Paul Raj
28. Kolenchery Francis
29. Kottakkal Tom
30. Kurisingal Francis (Nibin)
31. Manavalan Joseph
32. Manjaly Sebastian (Sony)
33. Mankuzhikary George
34. Moonjely Paul
35. Moonjely Varghese (Jr.)
36. Morely Paul
37. Mulavarickal Antony (Binoj)
38. Mundadan Jose
39. Nangelimalil Antony
40. Nangelimalil Joseph
41. Padayattil Paul (Jr.) (Joby)
42. Palathinkal Martin (Jerin)
43. Palatty Stephen (Benny)
44. Palatty Varghese (Jr.)
45. Parappuram Francis
46. Paryathara Jose
47. Pathadan Joseph (Bibin)
48. Perumayan Antony Msgr
49. Poothavelithara Varghese
50. Pulickal Varghese
51. Puthussery Augustine (Justin)
52. Puthussery Jose (P)
53. Puthussery Joseph (Joshy)
54. Puthussery Sebastian (Sajo)
55. Sankoorikal Martin
56. Thachara John (Johnsty)
57. Thaliyath Antony (Lijo)
58. Thekkumthala Joseph
59. Thottankara Jophy
60. Uthuppan Antony (Shinu)
61. Vadakkumchery Joseph (Baiju)
62. Vadakkumpadan Sebastian (Jr.1)
63. Vanissery Mathew
64. Vattathara John
65. Veliyil Antony (Riju)
66. Vembulliyath Martin (Binu)

# അതിരൂപതാ അജപാലനസമിതി

## 2-ാമത് യോഗ റിപ്പോർട്ട്

എറണാകുളം-അങ്കമാലി അതിരൂപതയുടെ 2018-2021 പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത് യോഗം 2018 ജൂൺ 9, ശനിയാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ റവ. സി. യൂക്കരിസ്റ്റിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ആദ്ധ്യക്ഷം വഹിച്ച യോഗത്തിന് ജോ. സെക്രട്ടറി ശ്രീമതി മിനി പോൾ സ്വാഗതം ആശംസിക്കുകയും, സെക്രട്ടറി ശ്രീ. പി.പി. ജരാർദ്ദ് പ്രഥമ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അതിരൂപതയുടെ അജപാലന ശുശ്രൂഷയിൽ അല്മായ പങ്കാളിത്ത ത്തിന്റെ സുപ്രധാന വേദിയാണ് പാസ്റ്ററൽ കൗൺസിൽ എന്നതു

കൊണ്ട് അതിരൂപതയുടെ വളർച്ചയ്ക്കുതകുന്ന ക്രിയാത്മകമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓരോ അംഗവും പ്രകടിപ്പിക്കണമെന്ന് അഭിവന്ദ്യ എടയന്ത്രത്ത് പിതാവ് ഉദ്ബോധിപ്പിച്ചു. മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യസംവിധാനങ്ങളിലെ മാറ്റം യുവജനങ്ങളുടെ കൊഴിഞ്ഞുപോക്കിനും, നിസംഗതയ്ക്കും കാരണമാകുന്നുണ്ടെന്നും സഭയുടെ നേർധാരയിലേക്കും നേതൃനിരയിലേക്കും അവരെ എത്തിക്കുവാൻ നാം പരിശ്രമിക്കണമെന്നും പിതാവ് കൂട്ടിച്ചേർത്തു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി റവ. ഫാ ജോസ് ഇടശ്ശേരി, ശ്രീ. ജിയോ ബേബി, ശ്രീ. സെമിച്ചൻ ജോസഫ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. അതിരൂപതാ ജുഡീഷ്യൽ വികാരി ഫാ. ബർക്കുമൻസ് കൊടയ്ക്കൽ വരണാധികാരിയായിരുന്നു.

അതിരൂപത കർമ്മപരിപാടികൾ അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ് അവതരിപ്പിച്ചു. നമ്മുടെ അതിരൂപതയിലെ പ്രതിസന്ധി പരിഹരിക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളെക്കുറിച്ചും അതിനു തടസ്സമായ പ്രതികൂല സാഹചര്യങ്ങളെകുറിച്ചും പിതാവ് വിശദീകരിച്ചു. 2019-ൽ നടക്കാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഇപ്പോഴത്തെ സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണെന്നും, അതിന് നാം ഒരുങ്ങിയിരിക്കണമെന്നും ഓർമ്മിപ്പിച്ചു. പാസ്റ്ററൽ കൺസിലിൽ ചർച്ച ചെയ്യുന്ന, ഇടവകൾക്ക് ബാധകമായിട്ടുള്ള കാര്യങ്ങൾ അംഗങ്ങൾ ഇടവകയിൽ അറിയിക്കുന്നത് നന്നായിരിക്കുമെന്നും പിതാവ് അഭിപ്രായപ്പെട്ടു. ബി.എ. മൾട്ടീമീഡിയ പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ യുവജന പ്രതിനിധി മരിയ തോമസിന് അനുമോദനങ്ങളും ആശംസകളും നേർന്നു.

അതിരൂപതാ പ്രശ്നം സുതാര്യമായി കൈകാര്യം ചെയ്യുക, സി.എൽ.സി. പ്രവർത്തനം പ്ലസ്സ് ടു വരെ നിജപ്പെടുത്തിയിട്ടുണ്ടോ?, ഇടവകകളുടെ ഭൂമി സംബന്ധമായ ആധാരങ്ങളടക്കമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുക, ഇടവകകളിലെ കണക്കുകൾ കൃത്യമായി എഴുതുകയും ഇടവക സമിതികളിൽ യഥാസമയം അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്യുക, നമ്മുടെ സ്ഥാപനങ്ങളിലെ അഡ്മിഷൻ, കോലം കത്തിക്കൽപോലുള്ള ക്രിസ്തീയമല്ലാത്ത പ്രതിഷേധങ്ങൾ, എന്തുകൊണ്ട് പ്രതിഷേധങ്ങൾ തുടരുന്നു, 12-ാം ക്ലാസ്സുവരെ മതബോധനക്ലാസ്സുകളിൽ മുടങ്ങാതെ വരുന്നവരെ പ്രോത്സാഹിപ്പിക്കൽ - തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഇവയ്ക്കാവശ്യമായ മറുപടി പിതാക്കന്മാർ നൽകി.

എസ്.എസ്.എൽ.സി., പ്ലസ്സ് ടൂ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് സർക്കാർതലത്തിൽ നടത്തപ്പെടുന്ന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തെക്കുറിച്ചും, നമ്മുടെ അതിരൂപതാതലത്തിൽ ഇക്കാര്യത്തിൽ ശ്രദ്ധകൊടുക്കേണ്ടതിനെകുറിച്ചും ശ്രീ. റോജി എം. ജോൺ എം.എൽ.എ. സൂചിപ്പിച്ചു.

സോഷ്യൽ സർവ്വീസിന്റെ വിവിധ പരിപാടികൾ ഫാ. പോൾ ചെറുപിള്ളി വിശദീകരിച്ചു. കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡ് ശുചീകരണം, ഭിന്നശേഷിക്കാരുടെ അവാർഡ് നൈറ്റ്, ചൈൽഡ് ഹെൽപ്പ് ലൈൻ ഡെസ്ക്, പാരീഷ് സഹൃദയ സോഷ്യൽ യൂണിറ്റ് മുതലായവയായിരുന്ന അത്.

2018 ജൂൺ 23-ന് പി.ഒ.സി. -യിൽ നടക്കുന്ന മദ്ധ്യമേഖല ഏകദിന പഠനശിബിരത്തിൽ പങ്കെടുക്കാനുള്ളവരെ യോഗത്തിൽ നിന്നും തെരഞ്ഞെടുത്തു. ശ്രീ. ജിയോ ബേബിയുടെ നന്ദി പ്രകാശനത്തോടും, അഭിവന്ദ്യ പിതാക്കന്മാരുടെ പ്രാർത്ഥനാശീർവാദത്തോടുംകൂടി യോഗം സമാപിച്ചു.

പി. പി. ജരാർദ്ദ്
സെക്രട്ടറി

---

# വാർത്തകളും വിശേഷങ്ങളും

## ക്രിസ്തു നിങ്ങളിലുണ്ട്; നിങ്ങളോടൊപ്പം ഉണ്ട്. അവിടുന്ന് നിങ്ങളെ അനാഥരായി വിടുകയില്ല - ഫ്രാൻസിസ് മാർപാപ്പ

2019 ഏപ്രിൽ 21-ാം തീയതി ഉയിർപ്പുതിരുനാൾ ദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയ *ഉർബി എത്ത് ഓർബി* (നഗരത്തിനും ലോകത്തിനും) സന്ദേശം ആരംഭിച്ചത് അദ്ദേഹത്തിന്റെ *Christus Vivit* എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കിയാണ്. ക്രിസ്തു ജീവിക്കുന്നു. അവിടുന്ന് നമ്മുടെ പ്രത്യാശയാണ്. യേശു സ്പർശിക്കുന്ന എല്ലാ കാര്യങ്ങളും യുവത്വ

മുള്ളതും പുതിയതും ജീവൻ നിറഞ്ഞതുമാകുന്നു. ക്രിസ്തു ജീവിക്കുന്നവനാകയാൽ നമ്മളും ആ ജീവനിൽ പങ്കുചേർന്ന് ജീവിക്കുന്നവരാകണം. ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടൊപ്പം ഉണ്ട്. അവിടുന്ന് നിങ്ങളെ അനാഥരായി വിടുകയില്ല. നമ്മൾ എവിടെയൊക്കെ പോയാലും ഉത്ഥിതനായ ക്രിസ്തു നമ്മോടൊപ്പം ഉണ്ട്. അവിടുന്ന് നമ്മെ വിളിക്കുന്നു; അവിടുത്തെ സന്നിധിയിലേക്കുള്ള നമ്മുടെ തിരിച്ചുവരവിനും, പുതിയ ഒരു തുടക്കംകുറിക്കുന്നതിനും ദുഃഖങ്ങളിലും പ്രതിസന്ധികളിലും നമ്മുടെ പ്രത്യാശയായ ക്രിസ്തു നമ്മുടെ ശക്തി ഉജ്ജ്വലിപ്പിക്കുന്നതിനായി എന്നും നമ്മോടൊപ്പം ഉണ്ട് എന്ന് മാർപാപ്പ അനുസ്മരിപ്പിച്ചു.

## ഉത്ഥിതനായ ക്രിസ്തുവിന്റെ സമ്മാനങ്ങൾ: സമാധാനം, സന്തോഷം, പ്രേഷിത ദൗത്യം - ഫ്രാൻസിസ് മാർപാപ്പ

ഉത്ഥിതനായ ക്രിസ്തു നമുക്ക് നൽകുന്ന പ്രഥമമായ സമ്മാനം ശാശ്വതമായ സമാധാനമാണ്. കാരണം തന്റെ കുരിശിലെ ബലിയിലൂടെ യേശു പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയം വരിക്കുകയും അതുവഴിയായ് ദൈവവും മനുഷ്യവംശവും തമ്മിലുള്ള രമ്യത സാധ്യമാക്കുകയും ചെയ്തു. അവിടുന്ന് നൽകുന്ന രണ്ടാമത്തെ സമ്മാനം സന്തോഷമാണ്. യേശുവിന്റെ ഉത്ഥാനം തന്നെയാണ് നമ്മുടെ സന്തോഷത്തിന്റെ പ്രധാന കാരണം. ഉത്ഥിതനായ യേശുവിനെ കാണുന്ന അപ്പസ്തോലന്മാർ വളരെ സന്തോഷിക്കുന്നു. സമാധാനവും സന്തോഷവും, കൂടാതെ യേശു അപ്പസ്തോലന്മാർക്ക് പ്രേഷിത ദൗത്യവും നൽകുന്നു. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തെ പരിവർത്തനവിധേയമാക്കുന്ന സ്നേഹമാണ് ഈ ദൗത്യത്തിന്റെ അടിസ്ഥാനം. അപ്പസ്തോലന്മാരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും, ദൈവജനം മുഴുവനിലൂടെയും ഈ സ്നേഹം എല്ലാവരിലും നിറയ്ക്കപ്പെടുന്നു. ഓരോ വിശ്വാസിയും യേശു നൽകുന്ന സമാധാനവും, സന്തോഷവും, പ്രേഷിതദൗത്യവും തന്റെ വിളിക്കനുസൃതം മറ്റുള്ളവർക്ക് പകർന്ന് നൽകുവാൻ കടപ്പെട്ടവരാണ് എന്ന് മാർപാപ്പ വ്യക്തമാക്കി. 2019 ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ ത്രികാലജപത്തിനിടയിൽ നൽകിയ സന്ദേശത്തിലാണ് മാർപാപ്പ ഇപ്രകാരം പ്രസ്താവിച്ചത്.

# സുബോധന, അങ്കമാലി

**(റീജിയണൽ പാസ്റ്ററൽ സെന്റർ)**

## Post Graduate Diploma in Kerala Christian History and Culture
## (നസ്രാണി പൈതൃകത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ)

പൊതുസമൂഹത്തിൽ വിവിധ മേഖലകളിൽ സജീവമായിരിക്കുന്ന വിദ്യാസമ്പന്നരായ നമ്മുടെ അൽമായ സഹോദരങ്ങളെ കേരള ക്രിസ്ത്യാനികൾ എന്നനിലയിൽ കൂടുതൽ ആത്മാഭിമാനവും സ്വത്വബോധവും ഉള്ളവരാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ തോമസ് എൻസൈക്ലോപീഡിയ -എഡിറ്റർ, പ്രൊഫ. ജോർജ് മേനാച്ചേരിയും സുബോധനയും ഒരുമിച്ച് ഒരുക്കുന്ന കോഴ്സാണിത്. സാംസ്കാരികവും സഭാപരവുമായ മേഖലകളിൽ അതിപ്രഗത്ഭരായ പ്രൊഫസർമാരാണ് ക്ലാസ്സുകൾ നയിക്കുന്നത്. തുടർച്ചയായ 10 രണ്ടാം ശനിയാഴ്ചകളിലും, 10 നാലാം ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 6.00 മണി വരെ സമയത്ത് നടക്കുന്ന പ്രഭാഷണപരമ്പര ആയിരിക്കും കോഴ്സിന്റെ ഉള്ളടക്കം. കോഴ്സിൽ പങ്കെടുക്കാനുള്ള മിനിമം യോഗ്യത ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം ആണ്. പ്രൊഫഷണലുകൾക്ക് പ്രത്യേക സ്വാഗതം. രജിസ്ട്രേഷൻ ഫീസ് 500 രൂപ.

മെയ് 11, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് മറ്റു വിശിഷ്ടാതിഥികളുടെ സാന്നിധ്യത്തിൽ കോഴ്സ് ഉദ്ഘാടനം ചെയ്യുന്നു. അന്നേദിവസം പുരാവസ്തു ഗവേഷകനായ പത്മശ്രീ ശ്രീ. കെ. കെ. മുഹമ്മദ് "അക്ബറിന്റെ കൊട്ടാരത്തിലെ ക്രിസ്ത്യൻ ചാപ്പൽ" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.

കല, സംസ്കാരം, ചരിത്രം എന്നീ വിഷയങ്ങളിൽ താല്പര്യമുള്ള ബിരുദധാരികളായ ഇടവകാംഗങ്ങളെ ഇതിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിച്ച് അയക്കണമെന്ന് ബ. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

**ഫാ. രാജൻ പുന്നയ്ക്കൽ**
**ഡയറക്ടർ**

# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054

## Programmes: 2019 May to July

| | | |
|---|---|---|
| May 02–04 | : | Catechism Students |
| May 02–08 | : | Jesus Youth |
| May 05–08 | : | Jesus Youth |
| May 13–14 | : | Youth Meet – Parur Forane Church |
| May 17 to 18 | : | Naipunnya Edakkunnu- Teachers |
| May 20–June 05 | : | Jubilee Preparation |
| May 26 | : | Family Trust Meeting |
| June 03 | : | K.C.M.S. – Major Superiors Meet |
| June 09 to July 12 | : | Annual Retreat for Priests |
| July 12 to 14 | : | Vincent De Paul Society |

**Fr. Paul Vellarackal**
**Director**



# നിര്യാതരായി



**സി. ജെറോസ് C.M.C.**
സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്.

| | | |
|---|---|---|
| ജനനം | : | 12/05/1944 |
| വ്രതവാഗ്ദാനം | : | 07/04/1969 |
| മരണം | : | 16/04/2019 |



**സി. മേരി ലുസീറ്റ C.M.C.**
വിമലഭവൻ കോൺവെന്റ്, തൃക്കാക്കര.

| | | |
|---|---|---|
| ജനനം | : | 31/08/1945 |
| വ്രതവാഗ്ദാനം | : | 04/07/1966 |
| മരണം | : | 09/04/2019 |

## സി. ഇവാൻ S.A.B.S.



(മറിയാമ്മ ഒരുതായപ്പള്ളിൽ, കുടവെച്ചൂർ)
അഡൊറേഷൻ കോൺവെന്റ്, പൊതി.

| | | |
|---|---|---|
| ജനനം | : | 29/06/1940 |
| വ്രതവാഗ്ദാനം | : | 20/04/1960 |
| മരണം | : | 15/04/2019 |

## സി. ഇസബെല്ല S.A.B.S.



(ആലീസ് അമ്പൂക്കൻ, പുത്തൻചിറ)
അഡൊറേഷൻ പ്രൊവിൻഷ്യലേറ്റ്, കളമശ്ശേരി.

| | | |
|---|---|---|
| ജനനം | : | 06/07/1936 |
| വ്രതവാഗ്ദാനം | : | 16/04/1963 |
| മരണം | : | 01/04/2019 |

## സി. എൽസിയർ F.C.C.



എസ്.എച്ച്. കോൺവെന്റ്, അങ്കമാലി.

| | | |
|---|---|---|
| ജനനം | : | 09/03/1940 |
| വ്രതവാഗ്ദാനം | : | 07/05/1963 |
| മരണം | : | 20/04/2019 |

## സി. ലൊറെറ്റ F.C.C.



കൃപാസദൻ കോൺവെന്റ്, കൈപ്ര.

| | | |
|---|---|---|
| ജനനം | : | 04/09/1938 |
| വ്രതവാഗ്ദാനം | : | 08/05/1961 |
| മരണം | : | 14/04/2019 |

## സി. കൺസെപ്റ്റ F.C.C.



സെന്റ് ജോസഫ് കോൺവെന്റ്, പട്ടണക്കാട്.

| | | |
|---|---|---|
| ജനനം | : | 30/08/1936 |
| വ്രതവാഗ്ദാനം | : | 02/05/1967 |
| മരണം | : | 30/03/2019 |

# AICO
## (Archdiocesan Institutions' Central Office)

**ബജറ്റ് 2019-20**

അതിരൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി AICO-യുടെ നേതൃത്വത്തിലുള്ള സംഘം സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. അതിരൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി കലൂർ, റിന്യുവൽ സെന്റർ കലൂർ, നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ് ചേർത്തല, സെന്റ് ജോസഫ്സ് I.T.I. തുറവൂർ, സത്യദീപം എറണാകുളം, സ്നേഹശുശ്രൂഷാലയം ചിറ്റൂർ, നൈപുണ്യ പബ്ലിക് സ്കൂൾ എടക്കുന്ന്, നൈപുണ്യ വെൽഫെയർ സർവീസസ് & NIMIT പൊങ്ങം തുടങ്ങിയ സ്ഥാപനങ്ങളിലെ സന്ദർശനങ്ങൾ പൂർത്തിയാക്കി.

**ബോർഡ് മീറ്റിങ്ങുകൾ**

അതിരൂപതയുടെ കീഴിലുള്ള പിയത്താ ഭവൻ പൊതി, ഭാരത മാതാ സ്ക്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ചൂണ്ടി എന്നീ സ്ഥാപങ്ങളുടെ 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിനു വേണ്ടിയുള്ള ബോർഡ് മീറ്റിങ്ങുകൾ ഏപ്രിൽ 24-ാം തീയതി മുതൽ 30-ാം തീയതി വരെയുള്ള കാലയളവിൽ നടന്നു.

ഏപ്രിൽ മാസത്തിൽ വിയാനി പ്രിന്റിംഗ്സ് എറണാകുളം, വെസ്കോ ക്രെഡിറ്റ് പൊന്നുരുന്നി, ഭാരത മാതാ സ്ക്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി - എന്നീ സ്ഥാപങ്ങളുടെ സ്പെഷ്യൽ ബോർഡ് മീറ്റിങ്ങുകൾ നടത്തപ്പെട്ടു.

അത്താണിയിലുള്ള സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കുമായി രണ്ട് ദിവസത്തെ അധ്യാപക പരിശീലന പരിപാടി സംഘടിപ്പിച്ചു. ആലുവയിലെ ഡി സാലസ് അക്കാദമിയിൽ നടന്ന പരിശീലന പരിപാടിയുടെ സമാപന ചടങ്ങിൽ AICO- ടീം അവരെ അഭിസംബോധന ചെയ്തു.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

# വിശ്വാസപരിശീലന കേന്ദ്രം

## പ്രത്യാശയുടെ ദൈവമക്കൾ

### "യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി"

ഈ വർഷം (2019) ദൈവീക പുണ്യങ്ങളിലെ രണ്ടാമത്തെ പുണ്യമായ പ്രത്യാശയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. പൗലോസ് ശ്ലീഹ പറയുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:5). ജീവിതത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് പ്രത്യാശ പകർന്നുകൊടുക്കുക എന്നത് നമ്മുടെ ഒരു പ്രധാന ദൗത്യമാണല്ലോ. വി. പൗലോസ് ആഹ്വാനം ചെയ്യുന്നതു പോലെ പ്രത്യാശയിൽ സന്തോഷിക്കുന്നവരും ക്ലേശങ്ങളിൽ സഹന ശീലരും പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരുമായ പ്രത്യാശയുടെ ദൈവമക്കളായി കുട്ടികളെ വളർത്താൻ ഈ വർഷം നമുക്ക് ശ്രമിക്കാം.

### വിശ്വാസപരിശീലന അദ്ധ്യയനവർഷ ഉദ്ഘാടനവും അവാർഡ് ദാനവും

2019 മെയ് 25-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്ന അവാർഡ് ദാനത്തിലേക്കും അദ്ധ്യയനവർഷ ഉദ്ഘാടനത്തിലേക്കും എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു. പരീക്ഷകളിൽ ആ യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ പേര് പ്രത്യേകം അറിയിച്ചിട്ടുണ്ട് (വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരിക്കുന്നു). ഈ സമ്മേളനത്തിൽവച്ച് ഇവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് സമ്മാനാർഹരെയും, രക്ഷാകർത്താക്കളെയും, അദ്ധ്യാപകരെയും ബ. വികാരിയച്ചന്മാർ പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു.

### 2019-2020 വിശ്വാസപരിശീലനവർഷ പ്രതിനിധി സമ്മേളനം

2019-2020 വിശ്വാസപരിശീലന വർഷത്തിന്റെ ഔപചാരിക ഉദ്ഘാടനവും അവാർഡ് ദാനവും നടക്കുന്ന മെയ് 25ന് എല്ലാ പ്രധാനാദ്ധ്യാ

പികാദ്ധ്യാപകരുടെയും യൂണിറ്റ് സെക്രട്ടറിമാരുടെയും ഫൊറോന കൗൺസിൽ അംഗങ്ങളുടെയും മീറ്റിംഗ് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ഈ യോഗത്തിലേക്ക് ബന്ധപ്പെട്ട എല്ലാവരേയും സ്വാഗതം ചെയ്യുന്നു. കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

### പ്രാർത്ഥനാദിനം

2019 മെയ് 26 ഞായറാഴ്ചയാണല്ലോ വേദപാഠാദ്ധ്യാപകരുടെ ഇടവകതല പ്രാർത്ഥനാ ദിനം. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ച് പ്രാർത്ഥിച്ച് പുതിയ അധ്യയന വർഷത്തെ സ്വാഗതം ചെയ്യുക. വിശ്വാസ പരിശീലകർ എന്ന നിലയിൽ കുറഞ്ഞത് മൂന്നുമാസം കൂടുമ്പോൾ ഒരു മണിക്കൂറെങ്കിലും ഒരുമിച്ച് കൂടി പ്രാർത്ഥിക്കാൻ ഇടവകയിലെ അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കണമെന്ന് ബ. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. ഏതാനും ഇടവകകളിൽ ബ. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ എല്ലാ മാസവും വേദപാഠാദ്ധ്യാപകർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടുന്നുണ്ട്.

## പ്രധാന പരിപാടികൾ

### മെയ് 2019

01 ബുധൻ : ഓഫീസ് അവധി

02 : ഫൊറോന ഡയറക്ടർമാരുടെ യോഗം 10.30 am - 1.00 pm. റിന്യൂവൽ സെന്റർ, കലൂർ.

02-04 : പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സിനുള്ള ക്യാമ്പ് (സ്പർശ് - 2019) - നിവേദിത.

06 തിങ്കൾ : ഡിപ്ലോമ പുനഃപരീക്ഷ Std. XI, XII പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി.

08, 09 (ബുധൻ, വ്യാഴം) : Std. XII ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് - റിന്യൂവൽ സെന്റർ, കലൂർ.

11 ശനി : സ്പർശ് 2018 റീയൂണിയൻ - റിന്യൂവൽ സെന്റർ, കലൂർ. 9.30 am - 4.00 pm

12 ഞായർ : ജനറൽ കൗൺസിൽ, കലൂർ 10.30 am - 1.00 pm

15, 16 (ബുധൻ, വ്യാഴം): Std. XI ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് - റിന്യൂവൽ സെന്റർ, കലൂർ.

17 വെള്ളി : ഡിപ്ലോമ പുനഃപരീക്ഷ Std. XI (10.00 am-12 noon), Std. XII (2.00 pm - 4.00 pm) റിന്യൂവൽ സെന്റർ, കലൂർ.

25 ശനി : പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും യോഗം 10.00 am - 1.00 pm.

വിശ്വാസപരിശീലന വർഷഉദ്ഘാടനവും അവാർഡ് ദാനവും 2.00 pm - 4.00 pm.

26 ഞായർ : വേദപാഠാദ്ധ്യാപക പ്രാർത്ഥനാദിനം

## ജൂൺ 2019

02 ഞായർ : വിശ്വാസപരിശീലന വർഷാരംഭം, പ്രവേശനോത്സവം

08 ശനി : റഗുലർ സ്ക്കൂൾ പ്രാധാനാദ്ധ്യാപകരുടെ യോഗവും മോറൽസയൻസ് അവാർഡുദാനവും

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2019 MAY - JUNE

**I. Marriage Preparation Retreat (MPR)**

| | | | |
|---|---|---|---|
| May | 05-07(pair) Kaloor | Jun | 02-04(pair) Kaloor |
| May | 13-15(single) Kaloor | Jun | 11-13(single) Kalady |
| May | 14-16(pair) Kalady | Jun | 17-19(single) Kaloor |
| May | 20-22(pair) Kaloor | Jun | 18-20(pair) Kalady |
| May | 21-23(single) Kalady | Jun | 24-26(pair) Kaloor |
| May | 27-29(single) Kaloor | Jun | 25-27(pair) Kalady |
| May | 28-30(pair) Kalady | | |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**
May 31 - June 02

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**
May 09-12 June 06-09

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**
May 03-05 Parenting Children Retreat (Age 05-12 Years)
May 24-26 Parenting Teenagers Retreat (Age 13-19 Years)
June 21-23 Parenting Teenagers Retreat (Age 13-19 Years)

**V. Judithshine Parenting Retreat (Jeevalaya Family Park) (9400929111)**
May 17-19

**VI. Judith Forum Forane Meet**
May 11 Edappally
May 25 Ernakulam
Jun 01 Tripunithura

**VII. FFAFM II**

| | |
|---|---|
| May 05 Karukutty | Jun 02 Kanjoor |
| May 05 Koratty | Jun 02 Vallam |
| May 12 Moozhikulam | Jun 09 Ernakulam |
| May 12 Angamaly | Jun 09 Edappally |
| May 19 Mookkannoor | Jun 16 Vaikom |
| May 19 Manjapra | Jun 16 Thrippunithura |

| | | | |
|---|---|---|---|
| May | 26 Parur | Jun 23 | Cherthala |
| May | 26 Kizhakkambalam | Jun 23 | Pallipuram |

**VIII. Win Win Couples Training - Jeevalaya**

| | | | |
|---|---|---|---|
| May | 01 | May | 15 |
| May | 08 | May | 22 |

**IX. Snehaprasadham**

May 19 Matha Nagar

**X. Couples Seminar**

May 19 Edappally

**XI. Mothers Seminar**

May 01 Edakkunnu

**XII. Nurses Seminar**

May 11 Edakkunnu

## Life-Win - വിധവകൾക്കുള്ള പരിശീലന പരിപാടി

ഇടവകതലത്തിൽ Life-Win എന്ന പേരിൽ 55വയസ്സിന് താഴെയുള്ള വിധവകൾക്കായി 28 മാസത്തെ പരിശീലന പരിപാടി ആരംഭിക്കുന്നു. ഒറ്റയ്ക്ക് മക്കളെ വളർത്തുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് ജീവിതവിജയം കണ്ടെത്താൻ വിധവകളെ സഹായിക്കുകയും അവരെ ശുശ്രൂഷ നേതൃത്വത്തിലേക്ക് കൊണ്ടുവരികയുമാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9400929111

## 2-ാമത് യൂദിത്ത് ഫോറം വാർഷിക സെമിനാർ

വിഷയം: **ഒറ്റ ചിറകിൻ തണലിൽ അഗ്നി ചിറകുള്ള മക്കൾ**

സ്ഥലം: **റിന്യൂവൽ സെന്റർ, കലൂർ**

സമയം: **2019 ജൂൺ 22, രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ**

നമ്മുടെ അതിരൂപതയിലെ വിധവകളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന ശുശ്രൂഷയാണ് യുദിത്ത് ഫോറം. ഈ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2-ാമത് യുദിത്ത് ഫോറം വാർഷിക സെമിനാർ നടത്തുന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. ഭർത്താവിന്റെ ദേഹവിയോഗത്തെ തുടർന്ന് തനിയെ മക്കളെ വളർത്തുന്ന വിധവകൾ ഏറെ വെല്ലുവിളികളെ നേരിടുന്നവരാണ്. ഈ വെല്ലുവിളികളെ അതിജീവിച്ച് അഗ്നിചിറകുള്ള മക്കളെ എപ്രകാരം രൂപപ്പെടുത്താമെന്നതാണ് ഈ വർഷത്തെ വിഷയം. 20 വയസ്സിനു താഴെ പ്രായമുള്ള മക്കളുടെ വിധവകളായ അമ്മമാരെ ഈ സെമിനാറിലേക്ക് ക്ഷണിക്കുന്നു.

മെയ് 31-നകം രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് പ്രവേശനം. രജിസ്റ്റർ ചെയ്യാൻ വിളിക്കുക - 9400929111 / സന്ദർശിക്കുക www.judithforum.com.

ഈ സെമിനാറിനോടനുബന്ധിച്ച് വൈധവ്യം ധീരതയോടെ നയിച്ച താഴെപ്പറയുന്ന ഗണത്തിൽപ്പെടുന്ന വിധവകളെ ആദരിക്കുവാൻ ആഗ്രഹിക്കുന്നു.

1. 1994 ജനുവരി 1-നും 1994 ഡിസംബർ 31-നും ഇടയിൽ വിധവകളായവരും വൈധവ്യ ജീവിത വെല്ലുവിളികളെ അതിജീവിച്ച് വിജയം വരിച്ച 60 വയസ്സിന് താഴെ പ്രായമുള്ളവരുമായിരിക്കണം.

2. ഭർത്താവിന്റെ മരണശേഷം തുടർച്ചയായി 5 വർഷമെങ്കിലും ഔദ്യോഗികമായി ഇടവകതലത്തിൽ അജപാലന ശുശ്രൂഷയിൽ സജീവമായി പങ്കാളികളായവർ (ഉദാ: കാറ്റിക്കിസം, സഹൃദയ സംഘം, കുടുംബ യൂണിറ്റ് ഭാരവാഹികൾ ...). മുൻവർഷങ്ങളിൽ ആദരിച്ചവരെ വീണ്ടും പരിഗണിക്കേണ്ടതില്ല.

3. ഭർത്താവിന്റെ മരണശേഷം 5 വർഷമെങ്കിലും ജനപ്രതിനിധിയായി സേവനം ചെയ്തവരെ ആദരിക്കുന്നു (MLA, പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ ...).

ആദരിക്കുന്നവരുടെ പേര് സമർപ്പിക്കാനുള്ള ഫോറം കേന്ദ്ര ഓഫീസിൽ ലഭ്യമാണ്. ഫോറം പൂരിപ്പിച്ച് മെയ് 20-നകം കാലടി ജീവാലയയിൽ ഏല്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9400929111

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

---

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## മെയ് മാസത്തിലെ പരിപാടികൾ

മെയ് 16 : പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് ജോയിന്റ് മീറ്റ്

സ്ഥലം : റിന്യുവൽ സെന്റർ, കലൂർ.

സമയം : വൈകിട്ട് 3.00 മുതൽ 5.30 വരെ

**ഫാ. അഗസ്റ്റിൻ മൂഞ്ഞേലി**
**ഡയറക്ടർ**

# ബൈബിൾ അപ്പസ്റ്റോലേറ്റ്

## ലോഗോസ് ക്വിസ് 2019

ലോഗോസ് ക്വിസ് അതിരൂപതാതല പരീക്ഷ **2019 സെപ്തംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയായിരിക്കും.** 2019 ജൂൺ 1 മുതൽ 2019 ജൂലൈ 31 വരെയാണ് ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്യേണ്ട സമയം. ഓൺലൈൻ വഴി ആയിരിക്കും രജിസ്ട്രേഷൻ നടത്തുക. ജൂലൈ 31-നു ശേഷം രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ രജിസ്ട്രേഷന്റെ സുഗമമായ നടത്തിപ്പിനായി എല്ലാ ഇടവകകളിൽ നിന്നും ഒരു കോ-ഓഡിനേറ്ററെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും. www.logosquiz.org എന്ന വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് രജിസ്ട്രേഷൻ നടത്താവുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സഹകരണം ഇതിനായി പ്രതീക്ഷിക്കുന്നു. രജിസ്ട്രേഷൻ ഫീസ്സ് 10/- രൂപ. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റു രൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തല പഠനത്തിൽ താല്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി 2019 ജൂൺ 1-നു ശേഷം www.keralabiblesociety.com എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2007 നു ശേഷം ജനിച്ചവർ
B വിഭാഗം : 1-1-2002 നും 31-12-2006 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1987 നും 31-12-2001 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1967 നും 31-12-1986 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1954 നും 31-12-1966 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1953 നു മുൻപ് ജനിച്ചവർ

പഠന വിഷയം: **നിയമാവർത്തനം 12-21, പ്രഭാഷകൻ 11-17, മത്തായി 19-28, വെളിപാട് 17-22**

പഠനത്തിനായി ഉപയോഗിക്കേണ്ടത് മലയാളം പി.ഒ.സി. ബൈബിളും, ഇംഗ്ലീഷ് NRSV ബൈബിളും, തമിഴ് TNBCLC യുടെ തിരുവിവിലിയവും ആണ്.

## ലോഗോസ് ഫമീലിയാ ക്വിസ്

സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഫമീലിയാ ക്വിസ് ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രത്യേക നിബന്ധനകൾ ചുവടെ ചേർക്കുന്നു.

### രൂപതാതലം

- ഒരു കുടുംബത്തിലെ പിതാവ്, മാതാവ്, മക്കൾ എന്നിവർക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്.
  (രൂപതാതലത്തിൽ ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ മക്കൾക്കു പങ്കെടുക്കാവുന്നതാണ്. എന്നാൽ, സംസ്ഥാനതലത്തിൽ പിതാവ്, മാതാവ്, ഒരു കുട്ടി എന്നിവർക്ക് മാത്രമേ പങ്കെടുക്കാവൂ)
- ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന കുടുംബത്തിന് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകും.
- ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ട്രോഫിയും, ക്യാഷ് അവാർഡും, 80%-ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുടുംബങ്ങൾക്ക് പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.
- ഏറ്റവും കൂടുതൽ കുടുംബങ്ങളെ (പിതാവ്, മാതാവ്, മക്കൾ നിർബന്ധം) പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് (ഒന്ന്, രണ്ട് മൂന്ന് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- ലോഗോസ് ഫമീലിയാ ക്വിസ് ഫൈനൽ മലയാളത്തിൽ മാത്രമായിരിക്കും.

Contact: Director : 9847336829, Asst. Director : 9446424213
Office Co-Ordinator : 9387074656

NB: പരീക്ഷയ്ക്കുശേഷം പരീക്ഷ എഴുതിയവരുടെ Attendance രജിസ്ട്രേഷൻ ഫോമിൽ രേഖപ്പെടുത്തി ഓരോ സെന്ററിൽ നിന്നും അതിരൂപതാ ഡിപ്പാർട്ടുമെന്റിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

**മോൺ. അഗസ്റ്റിൻ കണ്ടത്തിൽ ജന്മശതാബ്ദി**

അതിരൂപതാ വൈദികനും സേവ് എ ഫാമിലി പ്ലാൻ സ്ഥാപകനുമായ മോൺ. അഗസ്റ്റിൻ കണ്ടത്തിലച്ചന്റെ ജന്മശതാബ്ദിവത്സരം മെയ് 5-ന് ആരംഭിക്കുന്നു. ബഹു. അച്ചന്റെ സേവനങ്ങളെ അനുസ്മരിക്കുവാനും പുതിയ തലമുറയിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുവാനുമുള്ള കർമപദ്ധതികൾ ഉൾപ്പെടുത്തിയാണ് ജന്മശതാബ്ദി വത്സരം ആചരിക്കുന്നത്.

**മെയ് ദിനാചരണം**

കേരളാ ലേബർ മൂവ്മെന്റ് എറണാകുളം- അങ്കമാലി അതിരൂപതാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മേഖലയിലെ സഹൃദയ വെൽഫെയർ സെന്ററുകളുടെ സഹകരണത്തോടെ കാലടിയിൽ വച്ച് മെയ് ദിനാചരണം നടത്തുന്നു.

**ഇടവകതലത്തിൽ സഹൃദയ വെൽഫെയർ സെന്റർ രൂപീകരണം**

അതിരൂപതയുടെ ജീവകാരുണ്യമുഖമായി സഹൃദയ പ്രവർത്തിക്കുന്നതുപോലെ ഓരോ ഇടവകയുടേയും ജീവകാരുണ്യ, സാമൂഹ്യപ്രവർത്തനങ്ങൾക്കുള്ള ഏകോപനവേദിയായ സഹൃദയ വെൽഫെയർ സെന്ററുകളുടെ രൂപീകരണം വിവിധ ഇടവകകളിൽ നടന്നുവരുന്നു. ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ കൈക്കാരന്മാർ, ഇടവകയിൽ സേവനം ചെയ്യുന്ന സന്യാസസമൂഹങ്ങളുടെ പ്രതിനിധി, ഫാമിലി യൂണിറ്റ് വൈസ് ചെയർമാൻ, മതബോധന വിഭാഗത്തിലും ഭക്തസംഘടനകളിലും സഹൃദയ സംഘങ്ങളിലും നിന്നുള്ള പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് എസ്.ഡബ്ല്യു.സി. രൂപീകരിക്കുന്നത്.

**അതിജീവനം-ജീവിത പങ്കാളി നഷ്ടപ്പെട്ടവർക്ക് തൊഴിൽ സഹായം**

ജീവിതപങ്കാളി നഷ്ടപ്പെട്ട വനിതകൾക്ക് അതിജീവനപദ്ധതി വഴി കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ സഹകരണത്തോടെ സ്വയംതൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും നല്കി.

**യുണൈറ്റഡ് വേ-പദ്ധതി പൂർത്തീകരണത്തിലേക്ക്**

ആലുവ മേഖലയിലെ പ്രളയദുരന്തത്തിൽപ്പെട്ട സ്കൂളുകൾ, അംഗനവാടികൾ എന്നിവയുടെ പുനർനിർമാണ പ്രവർത്തനങ്ങൾക്കായി

കാരിത്താസ് ഇന്ത്യ- യുണൈറ്റഡ് വേ ബാംഗ്ലൂർ എന്നിവരുടെ സഹ കരണത്തോടെ നടപ്പാക്കിയ പദ്ധതി പൂർത്തിയായിവരുന്നു.

**ഇൻഫാം സംസ്ഥാന സമ്മേളനം**

വയനാട്ടിൽ സംഘടിപ്പിച്ച ഇൻഫാം സംസ്ഥാന സമ്മേളനത്തിലും പ്രവർത്തന രൂപരേഖാ പ്രകാശനത്തിലും എറണാകുളം ജില്ലാ ഘട കത്തിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ദുർഗന്ധരഹിത കോഴിവളർത്തലിൽ പരിശീലനം**

കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ എറണാ കുളം-അങ്കമാലി, വരാപ്പുഴ, കോതമംഗലം എന്നീ രൂപതകളിൽ നിന്നുള്ള പരിശീലകർക്കായി ദുർഗന്ധരഹിത കോഴിവളർത്തലിൽ പരിശീലനം നല്കി. സഹൃദയയിൽ സംഘടിപ്പിച്ച പരിശീലന പരി പാടിക്ക് പാലക്കാട് സോഷ്യൽ സർവീസസിൽ നിന്നുള്ള വിദഗ്ധർ നേതൃത്വം നല്കി.

**ആശ്വാസ് ഇൻഷുറൻസ് ക്ലയിം വിതരണം**

ആശ്വാസ് ഫാമിലി ഇൻഷുറൻസ് ക്ലയിം പാസായവർക്കുള്ള ചികി ത്സാധനവിതരണ ഉദ്ഘാടനം കാലടി മേഖലയിൽ സംഘടിപ്പിച്ച മെയ് ദിനാചരണത്തിൽ നടത്തി.

## സഹായ, വായ്പാ വിതരണ വിവരം മാർച്ച് 2019

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ് മൈക്രോ ഫിനാൻസ്** | | |
| സ്വയംതൊഴിൽ വായ്പ | 6,00,95,500.00 | |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (24) | | 3,16,823.00 |
| കർമ്മശ്രീ സ്വയംതൊഴിൽ പദ്ധതി (17) | | 2,37,000.00 |
| **ലൈറ്റ് എ ലൈഫ് കുടുംബ സഹായ പദ്ധതി** | | |
| ചികിത്സാ സഹായം | | 1,96,944.00 |
| ദുരിതാശ്വാസം | | 2,26,000.00 |
| ആശ്വാസ് പ്രീമിയം സഹായം | | 9,10,600 |
| സൗഭാഗ്യവിവാഹ സഹായം | | 20,000.00 |

**കാരുണ്യപ്രവാഹം - പ്രളയാനന്തര സഹായം**

| | |
|---|---|
| ദുരിതാശ്വാസം പ്രതിമാസ സഹായം | 96,000.00 |
| ഭവന നിർമാണ സഹായം | 10,64,163.00 |
| ഭവന പുനരുദ്ധാരണ സഹായം | 17,01,278.00 |
| സ്ഥലം വാങ്ങാൻ സഹായം | 20,000.00 |
| സ്വയംതൊഴിൽ സഹായം | 1,22,348.00 |

**സഹൃദയ ഇൻഷുറൻസ് പദ്ധതികൾ**

| | |
|---|---|
| കാരുണ്യ ഇൻഷുറൻസ് (മൂന്നാംഘട്ടം) | 2,55,04,197.00 |
| ആശ്വാസ് മരണാന്തര സഹായ പദ്ധതികൾ (6) | 6,000.00 |

## അതിരൂപതാ സഹായനിധി മാർച്ച് 2019

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | | 6,500.00 | | |
| അങ്കമാലി | | 8,000.00 | | |
| മഞ്ഞപ്ര | | 5,000.00 | | |
| മൂഴിക്കുളം | | | | |
| കാഞ്ഞൂർ | | | | |
| വല്ലം | | 1,500.00 | | |
| എറണാകുളം | | 8,500.00 | | |
| കിഴക്കമ്പലം | 5,000.00 | | | |
| ഇടപ്പള്ളി | | 1,000.00 | | |
| പറവൂർ | | | | |
| തൃപ്പൂണിത്തുറ | | 8,000.00 | | |
| വൈക്കം | | | | |
| പള്ളിപ്പുറം | 5,000.00 | | | |
| ചേർത്തല | 5,000.00 | 5,000.00 | | |
| മുക്കന്നൂർ | | 3,000.00 | | |
| കറുകുറ്റി | | 3,500.00 | | |
| **ആകെ** | **15,000.00** | **50,000.00** | **0.00** | **0.00** |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.**
Ph. 0484- 2343940, 4047458, 2346963

## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക ഒഴിവുകൾ

എറണാകുളം-അങ്കമാലി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള പി.എസ്. ഹയർ സെക്കന്ററി സ്കൂൾ തിരുമുടിക്കുന്ന്, സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ പുത്തൻപള്ളി, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ അയിരൂർ, സെന്റ് റാഫേൽസ് ഹയർ സെക്കന്ററി സ്കൂൾ എഴുപുന്ന, കാർഡിനൽ ഹയർ സെക്കന്ററി തൃക്കാക്കര, സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ മേലൂർ എന്നിവിടങ്ങളിൽ ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, മാത്സ്, ഹിന്ദി, മലയാളം എന്നീ വിഷയങ്ങളിൽ ഹയർ സെക്കന്ററി/ഹയർ സെക്കന്ററി (ജൂനിയർ) തസ്തികകളിൽ സ്ഥിരം ഒഴിവുകളുണ്ട്. നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫോറം കോർപ്പറേറ്റ് ആഫീസിൽ നിന്നും 06/05/2019 മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2019 മെയ് 10, വൈകുന്നേരം 4.00 മണിക്ക് മുൻപ് കോർപ്പറേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

## പ്രൈമറി അദ്ധ്യാപക ഒഴിവുകൾ

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ഏതാനും സ്ഥിരം, താത്കാലിക തസ്തികകളിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നു. ചുരുക്കം ചില ജൂനിയർ ഹിന്ദി, ജൂനിയർ സംസ്കൃതം തസ്തികകളിലും ഒഴിവുകൾ ഉണ്ടാകും. നിശ്ചിത യോഗ്യതയുള്ളവർ കലൂർ റിന്യൂവൽ സെന്ററിലുള്ള കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നുള്ള നിശ്ചിത ഫോമിൽ 2019 മെയ് 15-ാം തിയതിക്കകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കോർപ്പറേറ്റ് സ്കൂളുകൾ പ്രവർത്തിക്കുന്ന ഇടവകകളിൽ നിന്നുള്ള യോഗ്യരായ അപേക്ഷകർക്ക് മുൻഗണന ലഭിക്കുന്നതാണ്. അപേക്ഷഫോറം കോർപ്പറേറ്റ് ഓഫീസിൽ നിന്നും 06/05/2019 മുതൽ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി അറിയിപ്പുകൾ**

| | | |
|---|---|---|
| മേയ് 4 | - | അനദ്ധ്യാപക ജീവനക്കാർക്കുള്ള പരിശീലന ക്ലാസ്സ്, കലൂർ റിന്യൂവൽ സെന്റർ (രാവിലെ 9.30) |
| മേയ് 10 | - | അദ്ധ്യാപക പരിശീലനം (സുബോധന, പള്ളിപ്പുറം കേന്ദ്രങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്ത എല്ലാവർക്കും) (രാവിലെ 9.30) |
| മേയ് 18 | - | ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾമാർക്കുള്ള ട്രെയിനിംഗ് - പി.ഒ.സി. പാലാരിവട്ടം (രാവിലെ 9.30) |
| മേയ് 20 | - | ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടീവ് മീറ്റിംഗ് - കലൂർ റിന്യൂവൽ സെന്റർ |
| ജൂൺ 3 | - | പ്രവേശനോത്സവം |
| ജൂൺ 11 | - | 6th day working report - എല്ലാ സ്കൂളുകളും ഓഫീസിലെത്തിക്കേണ്ട ദിവസം |

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപതാ ഡയറി

**മാർച്ച് 2019**

27 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ അങ്കമാലി സുബോധനയിൽ നടന്ന വൈദികരുടെ തുടർപരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അങ്കമാലി സുബോധനയിൽ നടന്ന വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു.

28 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ നടന്ന വൈദികരുടെ തുടർപരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കീച്ചേരിയിൽ ബ. ജോസഫ് കുഞ്ചരത്ത് അച്ചന്റെ വന്ദ്യമാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും കാഞ്ഞൂർ സോണിന്റെ വൈദികരുടെ തുടർപരിശീലന പ്രോഗ്രാമിൽ പങ്കെടുത്തു.

29 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന ചൂണ്ടി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെയും, കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടേയും മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കൊറ്റമം പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ആരാധനയുടെ പ്രാരംഭ സന്ദേശം നൽകുകയും ചെയ്തു. എറണാകുളം മറൈൻ ഡ്രൈവ് കൺവെൻഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പതാക ഉയർത്തൽ നടത്തി.

30 ജോർജ് ആലഞ്ചേരി പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാഴ്ച പരിമിതരുടെ സ്നേഹസംഗമത്തോടനുബന്ധിച്ച് നടന്ന വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാക്കനാട് മോറിയ റിട്രീറ്റ് സെന്ററിൽ വി. കുർബാന അർപ്പിച്ചു.

31 ജോർജ് ആലഞ്ചേരി പിതാവ് തൃശൂർ സെന്റ് തോമസ് കോളേജിൽ നടന്ന തൃശൂർ അതിരൂപതയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മഹാസംഗമത്തിൽ ഉദ്ഘാടനപ്രഭാഷണം നടത്തി.

ജേക്കബ് മനത്തോടത്ത് പിതാവ് കാഞ്ഞൂരിൽ ബ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ അച്ചന്റെ ജ്യേഷ്ഠസഹോദരൻ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വേൾഡ് സി.എൽ.സി. ദിനത്തോട് അനുബന്ധിച്ച് തൃപ്പൂണിത്തുറയിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

## ഏപ്രിൽ 2019

1 ജോർജ് ആലഞ്ചേരി പിതാവ് ആലുവ സി.എം.സി. ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

ജേക്കബ് മനത്തോടത്ത് പിതാവ് നിയമിച്ച Committee of Inquiry into the Economic & Financial Management of the Archeparchy of Ernakulam-Angamaly - അംഗങ്ങളിൽ നിന്നും വൈകിട്ട് കളമശ്ശേരി രാജഗിരി കോളേജിൽ നടന്ന മീറ്റിംഗിൽ വച്ച് മനത്തോടത്ത് പിതാവ് റിപ്പോർട്ട് സ്വീകരിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കളമശ്ശേരി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സ് മീറ്റിംഗിൽ ക്ലാസ്സ് എടുത്തു. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ഇന്റർനെറ്റ് മിഷൻ-ന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം ബസിലിക്കയിൽ കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികത്തോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ സ്മരണാർഹം സംഘടിപ്പിച്ച സിംപോസിയത്തിൽ പങ്കെടുത്തു.

2 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ റോമിലേക്കു പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന ആനി തയ്യിൽ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും വൈകുന്നേരം മൗണ്ട് സെന്റ് തോമസിൽ ബ. മാത്യു പുളിമൂട്ടിൽ അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

3 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം മറൈൻ ഡ്രൈവ് ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന നിയമസംഹിത പരിഷ്കരണ മീറ്റിംഗിൽ പങ്കെടുത്തു.

4 ജോർജ് ആലഞ്ചേരി പിതാവ് പാരിസിലേക്കു പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം മറൈൻ ഡ്രൈവ് കൺവെൻഷനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ബൈബിൾ അപ്പസ്റ്റൊലേറ്റിന്റേയും ഓൺ ഗോയിംഗ് ഫോർമേഷന്റെയും മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം ബസിലിക്കയിൽ മാർ അബ്രാഹം കാട്ടുമന പിതാവിന്റെ ചരമവാർഷികദിനത്തോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പ്രാർത്ഥനാ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

5 ജോസ് പുത്തൻവീട്ടിൽ പിതാവ് അങ്കമാലി ബസിലിക്കയിൽ വി. കുർബാന അർപ്പിക്കുകയും ആരാധനയുടെ പ്രാരംഭ സന്ദേശം നൽകുകയും ചെയ്തു.

6 ജോസ് പുത്തൻവീട്ടിൽ പിതാവ് അതിരൂപതാ വൈദികവിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടവും, മൈനർ ഓർഡേഴ്സും നൽകി.

7 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഞാറയ്ക്കൽ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ആരാധനയുടെ പ്രാരംഭ സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചേർത്തല ഫൊറോനായുടെ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഞാറയ്ക്കൽ പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശം നൽകി.

8 ജോർജ് ആലഞ്ചേരി പിതാവ് റോമിലേക്കു പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വിയാനി പ്രിന്റിംഗ്സ്, ചൂണ്ടി ഭാരത മാത കോളേജ് എന്നിവയുടെ മാനേജർമാരുമായി കൂടിക്കാഴ്ച നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന ഇവാഞ്ചലൈസേഷൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എറണാകുളം മറൈൻ ഡ്രൈവ് കൺവെൻഷന്റെ സമാപനത്തോട് അനുബന്ധിച്ച് ആരാധനയ്ക്കും ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും നേതൃത്വം നൽകി.

9 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് തൃക്കാക്കരയിൽ എസ്.എ.ബി.എസ്. സഭയുടെ നോവിഷ്യേറ്റ് ഭവനം സന്ദർശിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന ഓൺ ഗോയിംഗ് ഫോർമേഷന്റെയും, സി.എം.എൽ.-ന്റെയും യോഗത്തിൽ പങ്കെടുത്തു.

10 ജേക്കബ് മനത്തോടത്ത് പിതാവ് റോമിൽനിന്നും തിരിച്ചെത്തി.

11 ജേക്കബ് മനത്തോടത്ത് പിതാവും, ജോസ് പുത്തൻ വീട്ടിൽ പിതാവും, പാലയിൽ നിര്യാതനായ മുൻ മന്ത്രി കെ.എം. മാണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സുബോധനയിൽ നടന്ന ടീച്ചേഴ്സ് മീറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശവും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി.

12 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൊക്കേഷൻ ക്യാമ്പിനോടനുബന്ധിച്ച് തൃക്കാക്കര മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മള്ളുശ്ശേരി പള്ളിയിൽ ബ. സെബാസ്റ്റ്യൻ അയിനിയാടൻ അച്ചനോടൊപ്പം വി. കുർബാന അർപ്പിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന വിമെൻ വെൽഫെയറിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എറണാകുളം കണ്ണംകുന്നത്ത് ആശ്രമദേവാലയത്തിന്റെ പുനർനവീകരണത്തോടനുബന്ധിച്ചു നടന്ന വെഞ്ചെരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ് റോമിൽനിന്നും തിരിച്ചെത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൊക്കേഷൻ ക്യാമ്പിനോടനുബന്ധിച്ച് തൃക്കാക്കര മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. വൈകു

ന്നേരം മഞ്ഞുമ്മൽ ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി.

14 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മരുത്തോർവട്ടം പള്ളിയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് മലയാറ്റൂർ പള്ളിയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര റീത്തുകൾ സംയുക്തമായി എറണാകുളത്തു നടത്തിയ പീഡാനുഭവയാത്രയിൽ പങ്കെടുത്തു.

15 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ നടന്ന തൈലം വെഞ്ചരിപ്പ് കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും തൈലം വെഞ്ചരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു.

16 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും തൃക്കാക്കര ഭാരത മാതാ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ചേർത്തല തങ്കി പള്ളിയിൽ വി. കുർബാന അർപ്പിച്ച സന്ദേശം നൽകി.

17 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തുണ്ടത്തുംകടവ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പ് നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സി.എം.സി. അങ്കമാലി പ്രൊവിൻസിന്റെ നോവിസസിനെ സന്ദർശിച്ചു.

18 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ചുള്ള തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പെസഹാ വ്യാഴാഴ്ചയിലെ രാവിലെയുള്ള തിരുകർമ്മങ്ങൾ ആലുവ സെന്റ് ഡൊമിനിക് പള്ളിയും, ഉച്ചകഴിഞ്ഞ് ആലുവ സബ് ജയിലിലും നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് പെസഹാ വ്യാഴാഴ്ചയിലെ രാവിലെയുള്ള തിരുകർമ്മങ്ങൾ മുട്ടം ഫൊറോനാ പള്ളിയിലും, ഉച്ചകഴിഞ്ഞ് പാറപ്പുറം ഐശ്വര്യഗ്രാമിൽ ഇതരസംസ്ഥാന തൊഴിലാളികളോടൊപ്പവും നടത്തി.

* * * * *



"According to Christian tradition, work is more than merely "doing"; it is, above all, a mission. We collaborate in the creative work of God when, through our work, we cultivate and preserve creation; we share in the Spirit of Jesus, His redemptive mission, when by means of our activity we give sustenance to our families and respond to the needs of our neighbour. Jesus, Who "devoted most of the years of His life on earth to manual work at the carpenter's bench", and consecrated His public ministry to freeing people from sickness, suffering and death, invites us to follow His steps through work. In this way, every worker is the hand of Christ that continues to create and to do good."

POPE FRANCIS

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.05.2019

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil